| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 185 | 16 | ഈ ഹോസ്പിറ്റൽ അപ്ഗ്രേഡേഷൻ - കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | ന്യൂ | Maintenance Fund - Non-road Assets - 60000 | 60000 | ഈ ഹോസ്പിറ്റൽ അപ്ഗ്രേഡേഷൻ - കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 59170 | ഈ ഹോസ്പിറ്റൽ അപ്ഗ്രേഡേഷൻ - കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | പൂർത്തീകരിച്ചു |
| 186 | 17 | ആയുർവ്വേദ ആശുപത്രിയിലെ ദൈനംദിന ചെലവുകൾ | ന്യൂ | Maintenance Fund - Non-road Assets - 30000 | 30000 | ആയുർവ്വേദ ആശുപത്രിയിലെ ദൈനംദിന ചെലവുകൾ | 26875 | ആയുർവ്വേദ ആശുപത്രിയിലെ ദൈനംദിന ചെലവുകൾ | പൂർത്തീകരിച്ചു |
| 187 | 52 | എഫ്എച്ച്സി ഡ്രൈവർക്ക് വേതനവും ഡീസൽ ചാർജ്ജും മെയിന്റനൻസും 2025-26 | ന്യൂ | Own Fund - 300000 | 300000 | എഫ്എച്ച്സി ഡ്രൈവർക്ക് വേതനവും ഡീസൽ ചാർജ്ജും മെയിന്റനൻസും 2025-26 | 242629 | എഫ്എച്ച്സി ഡ്രൈവർക്ക് വേതനവും ഡീസൽ ചാർജ്ജും മെയിന്റനൻസും 2025-26 | പൂർത്തീകരിച്ചു |
| 188 | 53 | കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങൽ | ന്യൂ | Maintenance Fund - Non-road Assets - 600000 | 600000 | കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങൽ | 570087 | കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങൽ | പൂർത്തീകരിച്ചു |
| 189 | 54 | അതിദാരിദ്ര്യ നിർമാർജ്ജനം മരുന്ന് വാങ്ങൽ | ന്യൂ | Maintenance Fund - Non-road Assets - 100000 | 100000 | അതിദാരിദ്ര്യ നിർമാർജ്ജനം മരുന്ന് വാങ്ങൽ | 77557 | അതിദാരിദ്ര്യ നിർമാർജ്ജനം മരുന്ന് വാങ്ങൽ | പൂർത്തീകരിച്ചു |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 190 | 55 | എഫ് എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ | ന്യൂ | Maintenance Fund - Non-road Assets - 550000 | 550000 | എഫ് എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ | 462752 | എഫ് എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ | പൂർത്തീകരിച്ചു |
| 191 | 56 | പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ദൈനംദിന നടത്തിപ്പ് ചെലവ് | ന്യൂ | Maintenance Fund - Non-road Assets - 300000 | 300000 | പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ദൈനംദിന നടത്തിപ്പ് ചെലവ് | 174036 | പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ദൈനംദിന നടത്തിപ്പ് ചെലവ് | പൂർത്തീകരിച്ചു |
| 192 | 58 | പി എച്ച് സി യിലേക്ക് പ്രിന്റര് വാങ്ങൽ | ന്യൂ | Maintenance Fund - Non-road Assets - 50000 | 50000 | പി എച്ച് സി യിലേക്ക് പ്രിന്റര് വാങ്ങൽ | 0 | പി എച്ച് സി യിലേക്ക് പ്രിന്റര് വാങ്ങൽ | പൂർത്തിയാക്കാനായില്ല |
| 193 | 88 | 2025-26 പെയിൻ ആന്റ് പാലിയേറ്റീവ് | ന്യൂ | Development Fund(General) - 400000 , Receipts from other LSG's (District Panchayat) - 200000 | 600000 | 2025-26 പെയിൻ ആന്റ് പാലിയേറ്റീവ് | 289403 | 2025-26 പെയിൻ ആന്റ് പാലിയേറ്റീവ് | പൂർത്തീകരിച്ചു |
| 194 | 90 | സമഗ്ര ആരോഗ്യ പദ്ധതി | ന്യൂ | Development Fund(General) - 12760 | 12760 | സമഗ്ര ആരോഗ്യ പദ്ധതി | 12760 | സമഗ്ര ആരോഗ്യ പദ്ധതി | പൂർത്തീകരിച്ചു |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 195 | 91 | എഫ് എച്ച് സി അഡീഷണൽ സ്റ്റാഫ് നിയമനം | ന്യൂ | Development Fund(General) - 300000 , Own Fund - 50000 | 350000 | എഫ് എച്ച് സി അഡീഷണൽ സ്റ്റാഫ് നിയമനം | 181800 | എഫ് എച്ച് സി അഡീഷണൽ സ്റ്റാഫ് നിയമനം | പൂർത്തീകരിച്ചു |
| 196 | 92 | മെൻസ്ട്രുവൽ കപ്പ് വിതരണം - ജനറൽ | ന്യൂ | Development Fund(General) - 100000 | 100000 | മെൻസ്ട്രുവൽ കപ്പ് വിതരണം - ജനറൽ | 100000 | മെൻസ്ട്രുവൽ കപ്പ് വിതരണം - ജനറൽ | പൂർത്തീകരിച്ചു |
| 197 | 257 | ഹെൽത്ത് ഗ്രാന്റ് 2024-25 രോഗ നിർണ്ണയ സംവിധാനങ്ങൾ ഒരുക്കൽ | ന്യൂ | Health Grant - 240000 | 240000 | ഹെൽത്ത് ഗ്രാന്റ് 2024-25 രോഗ നിർണ്ണയ സംവിധാനങ്ങൾ ഒരുക്കൽ | 0 | ഹെൽത്ത് ഗ്രാന്റ് 2024-25 രോഗ നിർണ്ണയ സംവിധാനങ്ങൾ ഒരുക്കല് | പൂർത്തീകരിച്ചു |
| 198 | 258 | ഹെൽത്ത് ഗ്രാന്റ് സ്കീം4 ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങള് | ന്യൂ | Health Grant - 179000 | 179000 | ഹെൽത്ത് ഗ്രാന്റ് സ്കീം4 ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ | 0 | ഹെൽത്ത് ഗ്രാന്റ് സ്കീം4 ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ | പൂർത്തീകരിച്ചു |
| 199 | 209 | ഹെൽത്ത് ഗ്രാന്റ് 2022-23 സ്കീം 4 - ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ | SO | Health Grant - 119655 | 119655 | ഹെൽത്ത് ഗ്രാന്റ് 2022-23 സ്കീം 4 - ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ | 89136 | ഹെൽത്ത് ഗ്രാന്റ് 2022-23 സ്കീം 4 - ഹെൽത്ത് ആന്റ് വെൽനെസ്സ് പ്രവർത്തനങ്ങൾ | പൂർത്തീകരിച്ചു |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 200 | 210 | ഹെൽത്ത് ഗ്രാന്റ് 2022-23 സ്കീം 3 - രോഗ നിർണ്ണയ സംവിധാനങ്ങൾ | SO | Health Grant - 515026 | 515026 | ഹെൽത്ത് ഗ്രാന്റ് 2022-23 സ്കീം 3 - രോഗ നിർണ്ണയ സംവിധാനങ്ങൾ | 183992 | ഹെൽത്ത് ഗ്രാന്റ് 2022-23 സ്കീം 3 - രോഗ നിർണ്ണയ സംവിധാനങ്ങൾ | പൂർത്തീകരിച്ചു |
| 201 | 211 | ഹെൽത്ത് ഗ്രാന്റ് 2023-24 സ്കീം 3 രോഗനിർണ്ണയ സംവിധാനങ്ങൾ | SO | Health Grant - 658000 | 658000 | ഹെൽത്ത് ഗ്രാന്റ് 2023-24 സ്കീം 3 രോഗനിർണ്ണയ സംവിധാനങ്ങൾ | 0 | ഹെൽത്ത് ഗ്രാന്റ് 2023-24 സ്കീം 3 രോഗനിർണ്ണയ സംവിധാനങ്ങൾ | പൂർത്തീകരിച്ചു |
| 202 | 212 | ഹെൽത്ത് ഗ്രാന്റ് സ്കീം4 ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങള് | SO | Health Grant - 615000 | 615000 | ഹെൽത്ത് ഗ്രാന്റ് സ്കീം4 ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ | 129289 | ഹെൽത്ത് ഗ്രാന്റ് സ്കീം4 ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ | പൂർത്തീകരിച്ചു |

# പതിനാലാംപഞ്ചവത്സരപദ്ധതി(2022-2027)
## പ്രശ്നവിശകലനവും പ്രശ്ന പരിഹാര സാധ്യതകളും

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | **ഫോറം 6** | | | |
| ക്രമ നമ്പർ | **മേഖല** | പ്രശ്നങ്ങൾ | പ്രശ്ന ബാധിത പ്രദേശം, വിഭാഗം | പ്രശ്നത്തിന്റെ തീവ്രത (✓ചെയ്യുക) | | | പ്രശ്നത്തിനുള്ള കാരണങ്ങൾ/ വെല്ലുവിളികൾ | പ്രശ്നത്തിനുള്ള കാരണങ്ങൾ/വെല്ലുവിളികൾ പരിഹരിക്കൽ സാധ്യത പരിഗണിച്ചാൽ ഏറ്റെടുക്കാൻ കഴിയുന്ന/ഏറ്റെടുക്കേണ്ട തായ പ്രവർത്തനങ്ങൾ എന്തെല്ലാം?* | | | |
| | | | | ലഘു | ഗുരു തരം | അതീവ ഗുരുതരം | | ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപ നത്തിൽ | ഇതര തദ്ദേശഭരണസ്ഥാപന തലത്തിൽ | സർക്കാര് തലത്തിൽ | സർക്കാരിതര തലത്തിൽ |
| 1 | സേവനം | കുടിവെള്ളം | ശുദ്ധമായ കുടിവെള്ള ലഭ്യതകുറവ് | | ഗുരുതരം | | കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന മാറ്റങ്ങൾ മൂലം ഭൂഗർഭ ജല അളവ് കുറഞ്ഞത് | | | സർക്കാ ർതലത്തില് | |
| 2 | ഉൽപാദനം | കാർഷിക മേഖല | വരൾച്ച, പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം | | ഗുരുതരം | | ഉത്പാദന മേഖലയിലെ സ്തംഭനാവസ്ഥ | | | | |

## അവസ്ഥ രേഖ വിശകലനം

1. കൃഷി
2. ജലസേചനം
3. മൃഗ സംരക്ഷണം
4. വിദ്യാഭ്യാസം
5. കുടിവെള്ളം
6. ആരോഗ്യം
7. പൊതുമരാമത്ത് – ഊർജ്ജം
8. അംഗനവാടികൾ– സാമൂഹ്യ ക്ഷേമം
9. പാർപ്പിടം
10. സംസ്കാരം
11. വനിതാ ക്ഷേമം – കുടുംബശ്രീ സംവിധാനം
12. ഗതാഗതം
13. സഹകരണം
14. പട്ടികജാതി
15. വിഭവ സമാഹരണം.

# കൃഷി – ജലസേചനം

1. നെൽകൃഷി
2. തെങ്ങ്
3. കവുങ്ങ്
4. കശുമാവ്
5. റബ്ബർ
6. വാഴ
7. ഇഞ്ചി – മഞ്ഞള്
8. പച്ചക്കറികൾ

| കൃഷി | |
|---|---|
| അന്ന് | ഇന്ന് |
| വള്ളത്തോൾനഗർഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കൃഷിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. നെല്ലായിരുന്നു അന്നത്തെ പ്രധാന കൃഷി. നാടൻ വിത്തിനങ്ങളായ ചിറ്റാനി, തവളക്കണ്ണൻ, നമര, ചീര, കട്ടമോഡൻ, വെള്ളരിക്കഴ്മ, ഒറ്റലകൻ എന്നീ പ്രതിരോധ ശേഷിയുളള വിത്തിനങ്ങൾ കാലാവസ്ഥക്ക് അനുസൃതമായി കൃഷി ചെയ്തിരുന്നു. മൊത്തം 1987 ഹെക്ടര് വിസ്തൃതിയില് കിടക്കുന്ന പഞ്ചായത്തിൽ 1098 ഹെക്ടറോളം കൃഷിസ്ഥലങ്ങളിൽ 298 ഹെക്ടര് സ്ഥലത്താണ് നെൽകൃഷി ചെയ്യുന്നത്.<br><br>വള്ളത്തോൾനഗർഗ്രാമപഞ്ചായത്തില്4896 കുടുംബങ്ങളുടെ കൈവശത്തിലായി 1242 ഹെക്ടര് ഭൂമിയുണ്ട്. 87 % പേരും നാമമാത്ര കർഷകരാണ്. മാത്രമല്ല ഇവരുടെ കൃഷിയിടങ്ങൾ പലഭാഗത്തായി ചിതറികിടക്കുന്നതിൻറെ ഫലമായി ഉദ്പാദനക്ഷമത കുറയുന്നു. ഒരു ഹെക്ടറിൽ താഴെയുള്ള 4382 കൃഷിക്കാരുടെ ഭൂമി 2 മുതല് 7 വരെ കഷ്ണങ്ങളായിട്ടാണ് കിടക്കുന്നത്.ഇതുമൂലം ശാസ്ത്രീയ കൃഷിമുറകൾ നടപ്പിലാക്കുന്നതിന് സാധിക്കുന്നില്ല. | സംസ്ഥാനസർക്കാര് ആവിഷ്കരിച്ച ഹരിതകേരളംമിഷൻറെയും സുഭിക്ഷകേരളം പദ്ധതിയുടെയും സാധ്യതകൾ ഉപയോഗപ്പെടുത്തി പഞ്ചായത്ത് കൃഷി അനുബന്ധമേഖലകളിൽ നടത്തിയ ഇടപെടല് സമാനതകളില്ലാത്ത ഉണർവ്വാണ് ഈ മേഖലയിലുണ്ടാക്കിയിട്ടുള്ളത്. മുൻകാലങ്ങളില് പ്രേരണക്ക് വിധേയമായിട്ടാണ് കൃഷിക്കാർ കൃഷി ചെയ്തിരുന്നത് എങ്കില് ഇപ്പോൾ സ്വയം മുന്നോട്ടുവരുന്ന കാഴ്ചയാണ് അനുഭവപ്പെടുന്നത്. കൃഷിചെയ്യാൻ തയ്യാറായി മുന്നോട്ടുവരുന്നവർക്ക് സർക്കാര് അംഗീകരിച്ച 100 ശതമാനം സബ്സിഡിയും നൽകാന് പഞ്ചായത്ത് തയ്യാറായിട്ടുണ്ട്. 12347790/ രൂപയുടെ ആനുകൂല്യങ്ങൾ കാർഷികമേഖലയില് സബ്സിഡിയായി ഈ കാലയളവിൽ നൽകിയിട്ടുണ്ട്. തുടർച്ചയായുള്ള ഇടപെടലുകളിലൂടെ തരിശു രഹിതഗ്രാമം എന്ന ലക്ഷ്യത്തിൻറെ അടുത്തെത്തുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്. നിലവില് വിളവിറക്കിയിരുന്ന സ്ഥലത്തെല്ലാം കൃഷി ചെയ്തതിനു പുറമെ തരിശു കിടന്നിരുന്ന ഏകദേശം 60 ഏക്കറിലധികം സ്ഥലം കൃഷിയോഗ്യമാക്കുന്നതിനും വ്യത്യസ്ഥ വിളകൾ കൃഷി ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം 9.5 ഏക്കര് സ്ഥലത്ത് കരനെൽകൃഷി നടത്താനായി. ഇനിയൊരിക്കലും കൃഷിചെയ്യാന് കഴിയില്ലെന്ന് കരുതി 50 വർഷത്തിലധികമായി തരിശായി കിടന്നിരുന്ന 10 ഏക്കറിലധികം സ്ഥലം പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി യന്ത്സംവിധാനം ഉപയോഗിച്ച് നെൽകൃഷിക്ക് അനുയോജ്യമാക്കി. ഗ്രാമം ഹരിതമാക്കുക എന്ന ലക്ഷ്യത്തോടെ മാവ്, പ്ലാവ്, പേര, ചാമ്പ, റംബൂട്ടാന്, മാംഗോസ്റ്റിൻ, റൂബിക്ക, കുടംപുളി, പാഷൻഫ്രൂട്ട്, നെല്ലി, പുളി, തെങ്ങിൻതൈ തുടങ്ങിയ ഫലവൃക്ഷങ്ങളുടേയും കറിവേപ്പ്, ആര്യവേപ്പ്, തുടങ്ങിയവയുടേയും തൈകൾ വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. കൂടാതെ അധികം ഭൂമിയില്ലാത്തവരെയും കൃഷിയിൽ പങ്കാളികളാക്കുന്നതിനുവേണ്ടി സബ്സിഡി നിരക്കില് ഗ്രോബാഗ് നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. 20000 ത്തോളം ഗ്രോബാഗ് ഇതുവഴി വിതരണം ചെയ്യാൻ സാധിച്ചു. ഇതിനോടൊപ്പം കാർഷികമേഖലയെ കൂടുതല് അഭിവൃദ്ധിപ്പെടുത്തുന്നതിനായി കരുവാൻപടി കൂട്ടുകൃഷി സംഘത്തിനും, വൈലിശ്ശേരിമന പാർവ്വതിക്കു ട്രാക്ടര്, റോട്ടോവേറ്റർ എന്നിവ വാങ്ങുന്നതിന് 374107/- രൂപ വീതവും 11 പേർക്ക് പുല്ലുവെട്ടിയന്ത്രം വാങ്ങുന്നതിനും 4 കർഷകർക്ക് മോട്ടോർ പമ്പ്സെറ്റ് വാങ്ങുന്നതിനും സബ്സിഡി നൽകിയിട്ടുണ്ട്. എല്ലാവർഷവും നെൽകർഷകർക്ക് വിത്ത്, കുമ്മായം, കൂലിചെലവ് എന്നിവയും തെങ്ങ്, വാഴ എന്നീ വിളകൾക്ക് ജൈവവളം, രാസവളം എന്നിവയും കുരുമുളക്, പൈനാപ്പിൾ, ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി ചെയ്യുന്നതിന് സബ്സിഡിയും, ആധുനിക കൃഷിരീതികളായ മഴമറ, ഡ്രിപ്പ് ഇറിഗേഷൻ , സ്പ്രിങ്കിൾ ഇറിഗേഷന് ഫാമിലി ഡ്രിപ്പ് എന്നിവക്കുള്ള സ്ബസിഡിയും പച്ചക്കറി കർഷകർക്ക് സീറോ എനർജി കൂള് ചേമ്പര് പണിയുന്നതിനുള്ള സബ്സിഡിയും നൽകിയിട്ടുണ്ട്. ഇതോടൊപ്പം പുതിയ തലമുറയെ കൃഷിയിലേക്ക് ആകർഷിക്കാൻ സ്കൂളുകൾ, കേരളകലാമണ്ഡലം എന്നിവിടങ്ങളിൽ പച്ചക്കറി തോട്ടങ്ങള് ആരംഭിക്കുകയും വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്തിൻറെ പാക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്<br><br>കേര ഗ്രാമം പദ്ധതിയിൽ 175 ഹെക്ടർ ഏരിയയിൽ ഉളള തെങ്ങിന് ആനുകൂല്യങ്ങൾ നൽകി. 37 ലക്ഷം രൂപ കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. ജലസേചന സൌകര്യത്തിന് മോട്ടോറും, തെങ്ങ് കയറ്റ യന്ത്രങ്ങളും കർഷകർക്ക് |

| | |
|---|---|
| | വിതരണം നടത്തി. 37,00,000/- രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു. തെങ്ങിന് തടം തുറക്കുന്നതിനു ധനസഹായം, ജൈവവളം, രാസവളം എന്നിവ സബ്സിഡിയിൽ വിതരണം ചെയ്തു. കാർഷിക യന്ത്രങ്ങൾ സബ്സിഡിയിൽ നൽകി.<br>നെൽകൃഷിയിൽ ഒന്നാം വിള 100 ഹെക്ടറും രണ്ടാവിള 210 ഹെക്ടറുമാണ് ഉപയോഗിക്കുന്നത്. വർഷങ്ങളായി മുണ്ടകൻ വിള മാത്രം കൃഷി ചെയ്തിരുന്ന പാടശേഖരങ്ങളിൽ കഴിഞ്ഞ 3-4 വർഷങ്ങളായി വിരിപ്പ് മുണ്ടകൻ സീസണുകളിൽ കൃഷി ആരംഭിച്ചിട്ടുണ്ട്. |

2024-25 വനിതകൾക്കുള്ള പച്ചക്കറി തൈ വിതരണം

## നേന്ത്രവാഴ തൈ വിതരണം

| കൃഷികളുടെ പേരും പട്ടികയും | | | | | | | |
|---|---|---|---|---|---|---|---|
| ക്രമനം | വിള | വിസ്തീർണ്ണം | | മൊത്തം ഉൽപാദനം | | ഉത്പാദനക്ഷമത ഹെക്ടറിൽ | |
| | | അന്ന് | ഇന്ന് | അന്ന് | ഇന്ന് | അന്ന് | ഇന്ന് |
| 1 | നെല്ല്(ഒന്നാംവിള) | 271 | **100** | 677.5ടൺ | | 2500 **KG** | |
| 2 | നെല്ല്(രണ്ടംവിള) | 238 | **210** | 595ടൺ | | **2500 KG** | |
| 3 | നെല്ല്(മൂന്നാംവിള) | 40 | | 88 ടണ് | | **2200 KG** | |
| 4 | പയർ | **12** | 5ഹെക്ടർ | 6 ടണ് | | **600 KG** | |
| 5 | എള്ള് | **2** | 1ഹെക്ടർ | 400 ടണ് | | **200 KG** | |
| 6 | പച്ചക്കറി | **5** | 8ഹെക്ടർ | 12.5 ടണ് | | **2500 KG** | |
| 7 | തെങ്ങ് | **375** | **175** | 510000 നാളികേരം | | **1360** | |
| 8 | വാഴ | **72** | **5** | 1260 ടണ് | | **17.5** | |
| 9 | മരച്ചീനി | **8** | 10 | 56 ടണ് | | **7** | |
| 10 | കുരുമുളക് | **40** | 35 | 12 ടണ് | | **300 KG** | |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | കശുമാവ് | 25 | 10 | 25 ടണ് | | 1000 KG | |
| 12 | മാവ് | 55 | 50 | 176 ടണ് | | 3200 KG | |
| 13 | റബ്ബർ | 180 | 150 | 270 ടണ് | | 1500 KG | |
| 14 | കവുങ്ങ് | 25 | 25 | 50 ടണ് | | 2000 KG | |
| 15 | ഇഞ്ചി | 15 | 1ഹെക്ടർ | 30 ടണ് | | 2000 KG | |
| 16 | മഞ്ഞൾ | 7 | 5 | 7 ടണ് | | 1000 KG | |
| 17 | കുവ്വ | 5 | 0.25 | 4.5 ടണ് | | 900 KG | |
| 18 | ചേന | 15 | 2 | 30 ടണ് | | 2000KG | |
| 19 | ചേമ്പ് | 11 | 1 | 7.7 ടണ് | | 700 KG | |
| 20 | പൈനാപ്പിൾ | 5 | 5 | 15 ടണ് | | 3000 KG | |
| 21 | ജാതി, ഗ്രാമ്പൂ | 1 | 1 | 8 കിലോ | | 8 KG | |
| 22 | ഔഷധച്ചെടി | 2 | 1 | – | | – | |
| 23 | കൊക്കോ | 1 | 0.5ഹെക്ടർ | – | | – | |
| 24 | മറ്റഇനങ്ങൾ | 18 | 18 | – | | – | |

| പാടശേഖരസമിതി വിവരങ്ങള് | | | | | |
|---|---|---|---|---|---|
| ക്രമനം | പാടശേഖരത്തിൻറെ പേര് | അന്ന് | | ഇന്ന് | |
| | | വിസ്തീർണ്ണം ഹെക്ടറിൽ | കർഷകരുടെ എണ്ണം | വിസ്തീർണ്ണം ഹെക്ടറിൽ | കർഷകരുടെ എണ്ണം |
| 1 | നെട്ടമ്പുര | 20.65 | 49 | | 2500 |
| 2 | നമ്പ്രം കുളമ്പ് മുക്ക് | 18.93 | 63 | | 2500 |
| 3 | പള്ളം | 47.24 | 99 | | |
| 4 | കരിമ്പാടം | 34.62 | 90 | | 6 ടൺ |
| 5 | പന്നിയടി | 43.14 | 105 | | |
| 6 | പുതുശ്ശേരി | 22.9 | 68 | | |
| 7 | താഴപ്ര | 49.53 | 110 | | |
| 8 | വള്ളത്തോൾമുണ്ടനാട് | 12.84 | 37 | | |

| നടീൽതൈകളുടെ വിതരണം | | | |
|---|---|---|---|
| ക്രമനം | ഇനം | | |
| | | അന്ന് | ഇന്ന് |
| 1 | തെങ്ങ് | 1110 | 1000 |
| 2 | കശുമാവ് | 510 | -- |
| 3 | കുരുമുളക് | 8550 | 22000 |
| 4 | കവുങ്ങ് | – | |
| 5 | പയർവർഗ്ഗങ്ങള് | – | |
| 6 | നെൽവിത്ത് | – | 16000kg |
| 7 | മാവ് | – | 780 |
| 8 | ഫലവർഗ്ഗങ്ങള് | – | 5000 |
| 9 | കൊക്കോ | – | |
| 10 | പച്ചക്കറിവിത്തുകൾ | – | 8000 |

## കാർഷിക ഉപകരണങ്ങളുടെ പേരും പട്ടികയും

| ക്രമനം | ഉപകരണം | | |
|---|---|---|---|
| | | അന്ന് | ഇന്ന് |
| 1 | ട്രാക്ടർ | 2 | 2 |
| 2 | ടില്ലർ | 3 | 1 |
| 3 | നാടൻ കല്ലപ്പ | 30 | |
| 4 | റോക്കർ സ്പ്രെയര് | 8 | |
| 5 | മറ്റുള്ളവ | – | |
| 6 | മെതിയന്ത്രം | 1 | |
| 7 | തെങ്ങ് കയറ്റ് യന്ത്രം | 4 | 91 |
| 8 | ബാർട്ട്സന് പമ്പ് സെറ്റ് | – | 30 |
| 9 | നാവ് സ്റ്റാക്ക് സ്പ്രെയർ | 42 | |

| തെങ്ങ് | |
|---|---|
| അന്ന് | ഇന്ന് |
| വള്ളത്തോൾനഗർഗ്രാമപഞ്ചായത്തില് അന്ന് 375 ഹെക്ടറോളം തെങ്ങ് കൃഷിയുണ്ടായിരുന്നു. മൊത്തം 510000 നാളികേരം ഉദ്പാദനവും ഒരു ഹെക്ടറില് ശരാശരി 1360 നാളികേര ഉദ്പാദനക്ഷമതയുണ്ട്. സമഗ്ര നാളികേര വികസന പദ്ധതി നടപ്പാക്കുന്നുണ്ട്. ജലസേചനസൗകര്യത്തിൻറെ അഭാവം തെങ്ങ് കൃഷിയെ സാരമായി അന്ന് ബാധിച്ചിരുന്നു. തെങ്ങിനെ ബാധിക്കുന്ന കൊമ്പൻചെല്ലി, ചെമ്പൻചെല്ലി, കോറിസ് ബാഗ് തുടങ്ങിയ കീടാക്രമണങ്ങളും , ചെന്നീരൊലിപ്പ്, കുമ്പുചീയൽ, വേരുചീയൽ എന്നീ രോഗങ്ങളും എലിശല്യവും തെങ്ങുകൃഷിയെ ബാധിച്ചിരുന്നു | കേര ഗ്രാമം പദ്ധതിയിൽ 175 ഹെക്ടർ ഏരിയയിൽ ഉള്ള തെങ്ങിന് ആനുകൂല്യങ്ങൾ നൽകി. 37 ലക്ഷം രൂപ കർഷകർക്ക് അനുവദിച്ചിട്ടുണ്ട്. ജലസേചന സൌകര്യത്തിന് മോട്ടോറും, തെങ്ങ് കയറ്റ യന്ത്രങ്ങളും കർഷകർക്ക് വിതരണം നടത്തി. 37,00,000/- രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്തു. തെങ്ങിന് തടം തുറക്കുന്നതിനു ധനസഹായം, ജൈവവളം, രാസവളം എന്നിവ സബ്സിഡിയിൽ വിതരണം ചെയ്തു. കാർഷിക യന്ത്രങ്ങൾ സബ്സിഡിയിൽ നൽകി. |

| നെൽകൃഷി | |
|---|---|
| അന്ന് | ഇന്ന് |
| നെല്ലായിരുന്നു അന്നത്തെ പ്രധാന കൃഷി.. 8 പാടശേഖരസമിതികളാണ് ഉള്ളത്. മൊത്തം 1987 ഹെക്ടർ വിസ്തൃതിയില് കിടക്കുന്ന പഞ്ചായത്തിൽ 1098 ഹെക്ടറോളം കൃഷിസ്ഥലങ്ങളില് 298 ഹെക്ടര് സ്ഥലത്താണ് നെൽകൃഷി ചെയ്യുന്നത്.നെൽകൃഷിയിൽഒന്നാംവിള 271 ഹെക്ടറും രണ്ടാംവിള 238 ഹെക്ടറും മൂന്നാംവിള 40 ഹെക്ടറുമാണ് ഉപയോഗിക്കുന്നത്. മൊത്തം വിളകളുടെ ഉൽപാദനവുംഉൽപാദനക്ഷമതയും പരിശോധിക്കുമ്പോള് നെൽകൃഷിയുടെ കാര്യത്തില് കുറവാണ് ഉണ്ടായിട്ടുള്ളത്. മൂന്ന് പൂവ്വൽ കൃഷിയിടങ്ങൾ രണ്ട് പൂവ്വലും രണ്ട് പൂവ്വല് കൃഷിയിടങ്ങൾ ഒരു പൂവ്വലും ഒരു പൂവ്വല് കൃഷിയിടങ്ങൾ തരിശായും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ചിലപ്രദേശങ്ങളില് ജലസേചന സൗകര്യം ലഭ്യമായതുകൊണ്ട് ഒരു പൂ കൃഷി ഇരുപൂ കൃഷിയായിട്ടുണ്ട്. ആ വർദ്ധന നാമമാത്രമാണ്. | നെൽകൃഷിയിൽ ഒന്നാം വിള 100 ഹെക്ടറും രണ്ടാവിള 210 ഹെക്ടറുമാണ് ഉപയോഗിക്കുന്നത്. വർഷങ്ങളായി മുണ്ടകൻ വിള മാത്രം കൃഷി ചെയ്തിരുന്ന പാടശേഖരങ്ങളിൽ കഴിഞ്ഞ 3–4 വർഷങ്ങളായി വിരിപ്പ് മുണ്ടകൻ സീസണുകളിൽ കൃഷി ആരംഭിച്ചിട്ടുണ്ട്. |

| കുരുമുളക് |
|---|

| അന്ന് | ഇന്ന് |
| --- | --- |
| മൊത്തം 40 ഹെക്ടറോളം കുരുമുളക് കൃഷി ഉണ്ടായിരുന്നു. 12 ടൺമൊത്തം ഉൽപാദനവും ശരാശരി ഒരു ഹെക്ടറിൽ 300 കിഗ്രാം ഉൽപാദന ക്ഷമതയുമുണ്ട്. ദ്രുതവാട്ടം, സാവധാനവാട്ടം എന്നീ രോഗങ്ങൾ കുരുമുളക് കൃഷിയെ ബാധിച്ചിട്ടുണ്ടായിരുന്നു. സംയോജിത കുരുമുളക് വികസനപദ്ധതി നടപ്പിലാക്കിയിരുന്നു | മൊത്തം 35 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷി ചെയ്യുന്നുണ്ട്. |

| പച്ചക്കറി കൃഷി | |
| --- | --- |
| അന്ന് | ഇന്ന് |
| 5 ഹെക്ടറോളം സ്ഥലത്ത് പച്ചക്കറി കൃഷി നടത്തിയിരുന്നു. വാട്ടരോഗതം, മഞ്ഞവണ്ടിൻറെ ആക്രമണം, കായീച്ച ആക്രമണം എന്നീ രോഗങ്ങളും പച്ചക്കറികൃഷിയെ ബാധിക്കുന്നുണ്ട് | 8 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നു. കായീച്ച, തണ്ട്തുരപ്പൻ പുഴു, വെള്ളീച്ച, മീലിബഹ് എന്നിവയുടെ ആക്രമണങ്ങൾ ഉണ്ട്. |

| കശുമാവ് | |
| --- | --- |
| അന്ന് | ഇന്ന് |
| 25 ഹെക്ടറോള സ്ഥലത്ത് കശുമാവ് കൃഷിചെയ്തിരുന്നു. മൊത്തം 25 ടണ് പ്രതിവർഷ ഉൽപാദനവും ഹെക്ടറില് 1000 കിഗ്രാം ഉൽപാദനക്ഷമതയുമുണ്ട്. തേയില ക്കൊതുകിൻറെ ആക്രമണം കശുമാവ് കൃഷിയെ ബാധിക്കുന്നുണ്ടായിരുന്നു | 10 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ചെയ്യുന്നുണ്ട് |

| റബ്ബര് | |
|---|---|
| അന്ന് | ഇന്ന് |
| പഞ്ചായത്തിലെ മറ്റൊരു പ്രധാനകൃഷി യാണ് റബ്ബർ. മൊത്തം 180 ഹെക്ടറോളം സ്ഥലത്ത് റബ്ബർ കൃഷി ചെയ്തിരുന്നു. റബ്ബർഉൽപന്നത്തിൻറെ വിപണനകേന്ദ്രത്തിൻറെ അഭാവം റബ്ബര് കർഷകർനേരിടുന്ന പ്രധാന പ്രശ്നമാണ്. പട്ടമരപ്പ്, ചീക്കുരോഗം എന്നീ രോഗങ്ങൾ റബ്ബറിനെ ബാധിച്ചിട്ടുണ്ട്. ചെറുകിടകർഷകർക്ക് റബ്ബര് മരങ്ങൾക്ക് മരുന്ന് തളിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തത റബ്ബർ കർഷകര് നെരിടുന്ന മറ്റൊരു പ്രശ്നമായിരുന്നു. | 150 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നുണ്ട്. |

| വാഴ | |
|---|---|
| അന്ന് | ഇന്ന് |
| ഏകദേശം 72 ഹെക്ടറോളം വാഴകൃഷി നടത്തുന്നുണ്ടായിരുന്നു. ഇലത്തിനിപ്പുഴു, വാഴപ്പുഴു, എന്നീ കീടങ്ങളും കുമ്പടയിൽ രോഗവും വാഴകൃഷിയെ ബാധിക്കുന്നുണ്ട്. ജലസേചന സൗകര്യത്തിൻറെ അപര്യാപ്തതയുടെ വൈദ്യുതിക്ഷാമവും വാഴക്കർഷകർനേരിടുന്ന പ്രധാന പ്രശ്നമാണ്. | 5 ഹെക്ടർ സ്ഥലത്ത് വാഴ കൃഷി ചെയ്യുന്നുണ്ട്. ഇലതീനിപ്പുഴു, തണ്ഈരപ്പൻ പുഴു, മാണവണ്ട് എന്നീ കീടങ്ങളും മഞ്ഞളിപ്പ്, കുമ്പടപ്പ് എന്നീ രോഗങ്ങളും സിഗാടോക്ക, ലീഫ് സ്പോട് എന്നിവയും കണ്ടു വരുന്നു. |

| ഇഞ്ചി-മഞ്ഞൾ | |
|---|---|
| അന്ന് | ഇന്ന് |
| | 5 ഹെക്ടർ സ്ഥലത്ത് ഇഞ്ചി, മഞ്ഞൾ കൃഷി ചെയ്യുന്നുണ്ട്. |

| മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷതൈകൾ | |
|---|---|
| അന്ന് | ഇന്ന് |
| 90 ഹെക്ടറോളം സ്ഥലത്ത് മാവ്- പ്ലാവ് തുടങ്ങിയ ഫലവൃക്ഷത്തൈകൾ കൃഷി ചെയ്തിരുന്നു. | 50 ഹെക്ടറോളം സ്ഥലത്ത് മാവ്- പ്ലാവ് തുടങ്ങിയ ഫലവൃക്ഷത്തൈകൾ കൃഷി ചെയ്യുന്നു. |

| **ജലസേചനം** | |
|---|---|
| അന്ന് | ഇന്ന് |

| | |
|---|---|
| പഞ്ചായത്ത്പരിധിയിലുള്ള ചീരക്കുഴികനാൽ വെള്ളവും, ഭാരതപ്പുഴയിലെ വെള്ളവുമാണ് ജലസേചനത്തിന് പ്രധാനമായുള്ള ഉറവിടം. ചീരക്കുഴി കനാലിലെ വെള്ളം രണ്ടാം വിളക്ക് ചില നെൽപാടങ്ങളില് ഉപയുക്തമാകുന്നുണ്ട്. മാർച്ച് ഏപ്രിൽ, മെയ് മാസങ്ങളിലെ വേനല് ജലസേചനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. ഒരുതോടുകളിലും ജലം സംഭരിച്ചു വെക്കാനുള്ള സംവിധാനമില്ല. സ്വകാര്യകുളങ്ങളും പഞ്ചായത്തു കുളങ്ങളും ഉപയോഗപ്പെടുത്തിയാണ് വേനൽകാല ങ്ങളിൽ നേന്ത്രവാഴയും മറ്റ് പച്ചക്കറികൃഷികളും കൃഷിചെയ്യുന്നത്. പമ്പ് സെറ്റുകൾ ചുരുങ്ങിയ തോതിൽ പ്രവർത്തിക്കുന്നു ണ്ടെങ്കിലും വൈദ്യുതിക്ഷാമവും വോൾട്ടേജ് ക്ഷാമവും മൂലം പ്രവർത്തിക്കാന് കഴിയാറില്ല. പഞ്ചായത്തിനു ള്ളിൽ ഭാരതപ്പുഴയുടെ തീരത്ത് മുന്ന് പമ്പ് ഹൗസുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവ കൃഷിയുടെ മുഴുവൻ ആവശ്യങ്ങള് നിർവ്വഹിക്കാന് പറ്റിയ വിധത്തിലല്ല. ഭാരതപുഴയുടെ തീരത്ത് ചേർന്ന് സ്ഥിതിചെയ്യുന്ന പ്രദേശമായതിനാല് വർഷകാലങ്ങളില് അളവില് കൂടുതല് ലഭിക്കുന്ന മഴ വെള്ളം മുഴുവനും ഒഴുകി പോവുകയാണ് ഉണ്ടായിരുന്നത്. | കുടിവെള്ളത്തിനും ജലസേചനത്തിനും ബുദ്ധിമുട്ടനുഭവിച്ചിരുന്ന നമ്മുടെ ചിരകാല സ്വപ്നമായിരുന്നു ഭാരതപ്പുഴക്ക് കുറുകെയുള്ള തടയണ നിർമ്മാണം. 15 കോടിയിലധികം രൂപ ചെലവഴിച്ച് നിർമ്മിച്ച തടയണയുടെ പൂർത്തീകരണത്തിന് ശേഷമുള്ള കഴിഞ്ഞ 2 വർഷങ്ങള് കുടിവെള്ളത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന വരൾച്ചയറിയാതെ നാം കടന്നുപോയത് ഇതിൻറെ സാന്നിധ്യം കൊണ്ടായിരുന്നു. നിരന്തരമായി ഉണ്ടാകുന്ന വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മുഖേന യഥാസയമങ്ങളിൽ ചീരകുഴി കനാലിനു ഇരുവശവും മണ്ണെടുത്ത് വൃത്തിയാക്കാറുണ്ട്. ജലജീവൻമിഷന് പദ്ധതി പ്രകാരം കോരംപള്ളത്ത് കുളം നവീകരണം, തുപ്പംകുളം നവീകരണം, ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ പ്രധാന തോടുകളിലൊന്നായി കുറോലി തോട് നവീകരണം , തോപ്പിൽ പരിസരം തോട് സംരക്ഷണം നടത്തി ജലസേചന സൗകര്യത്തിന് വഴിയൊരുക്കി യിട്ടുണ്ട്<br><br>വള്ളത്തോൾനഗർഗ്രാമപഞ്ചായത്തില് ജലാശയങ്ങൾക്കും ജലസേചന സൗകര്യത്തിനാ യുള്ള തോടുകൾക്കും പ്രാധാന്യം കൊടുത്തു കൊണ്ടുള്ള പ്രവൃത്തികളാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. വാർഡ് 15ൽ പാലക്കുളം, വാർഡ്12ൽ തുപ്പൻകുളം, വാർഡ് 16ൽ കോരാംപള്ളത്ത് കുളം, എന്നിവ എടുത്തു പറയാവുന്ന ജലാശയങ്ങൾ ആണ്. പൊതാകുളം, നെല്ലികുളം, കാരാഞ്ചേരികുളം, പൊതുകുളം, ചാത്തൻകുളം, കുന്നംകുളം എന്നിവയും പഞ്ചായത്തിൻറെ പ്രധാന ജലാശയങ്ങള് ആണ്. മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയില് ഉൾപ്പെടുത്തി പാലക്കുളം, തുപ്പൻകുളം എന്നിവക്ക് 5 ലക്ഷം രൂപ ചിലവഴിച്ചിട്ടുണ്ട്. കോരാംപള്ളത്ത് കുളം 18 ലക്ഷത്തിൻറെ പ്രവൃത്തികള് നടന്നുകൊണ്ടിരിക്കുകയാണ്. |

**ഭാരതപ്പുഴ തടയണ**

# ജലസുരക്ഷാ ഗ്രാമത്തിന് കുടിവെള്ളം വീട്ടുമുറ്റത്ത്

എല്ലാവർക്കും ആവശ്യമുള്ള ശുദ്ധജലം അവരുടെ വീട്ടുമുറ്റത്ത് എത്തിക്കുക എന്നതായിരുന്നു ഭരണസമിതിയുടെ ലക്ഷ്യം. കുടിവെള്ളം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ജലജീവൻ മിഷൻ ഉപയോഗപ്പെടുത്തി 3818 പേർക്ക് പുതിയ കണക്ഷൻ നൽകാൻ കഴിഞ്ഞു. മഹാഭൂരിഭാഗം വാർഡുകളും എല്ലാ വീടുകളിലും ഹൗസ് കണക്ഷന് ഉള്ള സമ്പൂർണ്ണ കുടിവെള്ള വാർഡുകളാണ് വിവിധ സംവിധാനങ്ങളുടെ സഹകരണത്തോടെ പഞ്ചായത്ത് പ്രാവർത്തികമാക്കിയ കുടിവെള്ള പദ്ധതികളുടെ ഭാഗമായി ഏറെക്കുറെ ഈ ലക്ഷ്യം നേടിയെടുക്കാൻ നമുക്ക് ആയിട്ടുണ്ട്. സ്വന്തമായി കിണറുകൾ ഇല്ലാത്ത കുടുംബങ്ങൾക്ക് കഴിഞ്ഞ കാലയളവില് ചുങ്കോണം കുടിവെള്ള പദ്ധതി, പള്ളം പമ്പ് ഹൌസ്, കാഞ്ഞിരകുറ്റിപറമ്പ് ചേയിക്കൽ ഒറവംപാടം തുടങ്ങിയ പദ്ധതികളുടെ പൈപ്പ് ലൈൻ നീട്ടൽ, തോട്ടശ്ശേരി കുടിവെള്ള പദ്ധതി, പള്ളിക്കൽ കുടിവെള്ള പദ്ധതി, താഴപ്ര കുടിവെള്ള പദ്ധതി, വടക്കുമുറി കുടിവെള്ള പദ്ധതി, പുതുശ്ശേരി കുടിവെള്ള പദ്ധതി, പന്നിയടി കുടിവെള്ള പദ്ധതി, താഴപ്ര നമ്പുള്ളിക്കുന്ന് കുടിവെള്ള പദ്ധതി, പള്ളിക്കൽ കടവത്തൊടി കുടിവെള്ള പദ്ധതി, കൈപഞ്ചേരി കുടിവെള്ള പദ്ധതി, വിവിധ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണി, തുടങ്ങി 15682790/- രൂപ ചെലവഴിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കുളങ്ങളും കിണറുകളും കടവുകളും

ജനങ്ങളുടെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനും കൃഷിക്കും അനുബന്ധ ആവശ്യങ്ങൾക്കും വേണ്ടി ഗ്രാമപഞ്ചായത്ത് പരിധിയിലെ ജലസ്രോതസ്സുകളായ പൊതുകുളങ്ങളും പൊതുകിണറുകളും കടവുകളും നവീകരിക്കുന്നതിന് വേണ്ടി നല്ല പ്രവർത്തനമാണ് ഈ കാലയളവിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി നടത്തിയിട്ടുള്ളത്. കാരാഞ്ചേരിക്കുളം, ആശാരിക്കുളം കുളമ്പ് കുളം, അത്തിക്കപ്പറമ്പ് കിണർ, പോലീസ് സ്റ്റേഷനു മുൻവശം കിണർ, ചുങ്കം കട്ടി റോഡിലുള്ള പൊതുകിണർ, കൊച്ചിൻ പാലത്തിന് സമീപം കിണർ, യൂത്ത് വെൽഫെയർ സെന്ററിന് സമീപം കിണർ, എറളക്കടവ് തുടങ്ങിയവ ഇക്കാലയളവിൽ നവീകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

# മൃഗസംരക്ഷണം

| അന്ന് | ഇന്ന് |
|---|---|
| നിളയുടെ തീരത്തെ അതിമനോഹരമായ ഒരു ഗ്രാമപ്രദേശമാണ് വള്ളത്തോൾ നഗര് ഗ്രാമപഞ്ചായത്ത്. പ്രകൃതി രമണീയവും മഹത്തായ സാംസ്കാരികപാരമ്പര്യം കൊണ്ടും അനുഗ്രഹീതമായ പ്രദേശമാണിത്. കൃഷിയായിരുന്നു പ്രധാനവരുമാന മാർഗം. കന്നുകാലികളെ ഉപയോഗിച്ച്നിലം ഉഴുകയും, മഴയെ ആശ്രയിച്ചുമായിരുന്നു കൃഷി ചെയ്തിരുന്നത്. ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഉണ്ട്. പഞ്ചായത്ത് അതിർത്തിയില് 2677ആടുകളും, 44എരുമകളും, 200പോത്തുകളും, 30താറാവുകളും ,500 പട്ടികളും, 50കാളകളും 6017 കോഴികളുമുണ്ട്. ഉഴവുമാടുകൾഎന്ന നിലയില് മാത്രമല്ല കൃഷിക്കാവശ്യമായ ജൈവവള നിർമ്മാണത്തിനും കന്നുകാലികളെ ഉപയോഗി ച്ചിരുന്നു. ചെറുതുരുത്തി മൃഗാശു പത്രിയിൽ അന്ന് 50 പട്ടികൾക്ക് പേവിഷബാധ കുത്തിവയ്പ് നടത്തിയിട്ടുണ്ട്. പണ്ട് 594 മാടുകൾക്ക് കൃത്രിമബീജസങ്കലനം നടത്തിയിട്ടുണ്ട്.ഈ പഞ്ചായത്തിൽ ക്ഷീര സഹകരണസംഘങ്ങൾ ഇല്ലാത്തതിന്റെ ഫലമായി അത്യുൽപ്പാദനശേഷിയുള്ള കറവമാടുകളെ വളർത്തുന്നതിന് ജനങ്ങൾക്ക് കഴിയുന്നില്ല. മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനം അപര്യാപ്തമാണ്. കോഴിത്തീറ്റ ചെറിയവിലക്ക് ലഭ്യമല്ലാത്ത തിനാൽ മുട്ടക്കോഴികളെ ലാഭകര മായി വളർത്താന് കഴിയുന്നില്ല. പേപ്പട്ടി ശല്യം അനുഭവപ്പെടുന്നുണ്ടായിരുന്നു. | വള്ളത്തോള് നഗര് ഗ്രാമപഞ്ചായത്തില് നിലവില് ഒരു മൃഗാശുപത്രിയും രണ്ട് ഐസിഡിപി സബ് സെന്ററുമുണ്ട്. കന്നുകാലി വളർത്തലിനും മറ്റുമായി പ്രത്യേക പദ്ധതികൾ നിലവിലുണ്ട്. തൊഴുത്തുനിർമ്മാണം, പ്രത്യേക കന്നുകുട്ടിപരിപാലന പരിപാടി, മുട്ടക്കോഴി വളർത്തല്, പശുവളർത്തൽ, ആടുവളർത്തല് എന്നിവയാണത്. നിലവിൽ നമ്മുടെ പഞ്ചായത്തിൽ769 പശുക്കളുണ്ട്. അതിൽ നാടന് 5, സങ്കരയിനം 764 ആണ്. നിലവിൽ 1029000 ലിറ്റർ പാലുൽപാദിപ്പിക്കുന്നുണ്ട്. 101 കാളകളും, 1250 ആടുകളുമുണ്ട്. കൃത്രിമ ബീജസങ്കലനം നടത്തിയ മാടുകൾ 1132ഉം ആടുകൾ 140 എണ്ണവുമുണ്ട്.<br>കന്നുകാലി, കോഴി, താറാവ് എന്നിവ വളർത്തല് ഉപജീവനത്തിന് തൊഴിലായി സ്വീകരിച്ചവർക്ക് മികച്ച പിന്തുണയാണ് പഞ്ചായത്ത് നൽകിയത്. ക്ഷീരകർഷകർക്ക് സഹായകരമായ പാൽസൊസൈറ്റി യുടെ പ്രവർത്തനം കൂടുതല് മികവുറ്റതാക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. പശുക്കളെ വളർത്തുന്നവർക്ക് കാലിതീറ്റക്ക് സബ്സിഡി നൽകുന്ന പദ്ധതിയും, കന്നുകുട്ടി പരിപാലന പദ്ധതിയും മുടക്കമില്ലാതെ നടത്തിയിട്ടുണ്ട്. ഇതിനുവേണ്ടി 30,62,500/- രൂപ ഈ കാലയളവിൽവിനിയോഗിച്ചിട്ടുണ്ട്. ഇതോടൊപ്പം സൊസൈറ്റിയിൽ പാല് അളക്കുന്നവർക്ക് പ്രത്യേക ഇൻസെൻറീവും നൽകിയിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട ക്ഷീരകർഷകർക്ക് നാല് മുതല് ആറ് മാസക്കാലം വരെയുള്ള കന്നുകുട്ടികൾക്കായി കന്നുകുട്ടി പരിപാലനം പദ്ധതി നടപ്പിലാക്കുക വഴി കന്നുകുട്ടികളുടെ പോഷകാഹാരകുറവ് പരിഹരിച്ച് ഉരുക്കൾ വേഗം പ്രായപൂർത്തി എത്തി ഗർഭധാരണം നടക്കുന്നതിനും അതുവഴി പാലുൽപാദനം വർദ്ധിപ്പിക്കാനും സഹായിച്ചു.<br>നാം പോഷകാഹാരമായി ഉപയോഗിക്കുന്ന കോഴി, താറാവ്, എന്നിവയുടെ മുട്ടയുൽപാദനം വർദ്ധിപ്പിക്കുന്നതിനും വീട്ടമ്മമാരുടെ സ്വയംതൊഴി ൽസാഹചര്യം വർദ്ദിപ്പിക്കുന്നതിനും വേണ്ടി 9,25,025/- രൂപ 13,410 മുട്ടക്കോഴി കുഞ്ഞുങ്ങളേയും 3,60,000/- രൂപ ചെലവഴിച്ച് 3000 താറാവ് കുഞ്ഞുങ്ങളേയും വിതരണം നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. മാംസാഹാരത്തിൻറെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും കുടുംബങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി ആടുവളർത്തല് പദ്ധതിയിൽ 14,26,000/- രൂപ വിനിയോഗിച്ച് 496 ആട്ടിൻകുട്ടികളെയും നൽകിയിട്ടുണ്ട്.<br>നിലവില് വള്ളത്തോള് നഗര് ഗ്രാമപഞ്ചായത്തില് രണ്ട് ക്ഷീര സഹകരണ സംഘങ്ങൾ ഉണ്ട്. പഞ്ചായത്ത് വഴി നടപ്പിലാക്കിയ മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയും ക്ഷീരകർഷകർക്ക് ഫലപ്രദമായി. പ്രത്യക കന്നുകുട്ടി പരിപാലനപദ്ധതി നടപ്പിലാക്കുകവഴി പഞ്ചായത്തിലെ പാലുൽപ്പാദനം വർദ്ധിപ്പിക്കാന് സാധിച്ചു. പഞ്ചായത്തിൽ ഏകദേശം രണ്ട് ഏക്കറോളം തീറ്റപ്പുൽകൃഷി ചെയ്യുന്നുണ്ട്. അത്ക്ഷീരകർഷകർക്ക് ആശ്വാസമാണ്. നിലവിൽ 197 ക്ഷീരകർഷകര് പഞ്ചായത്തിലുണ്ട്.<br>തീറ്റപ്പുല്ലിൻറേയും വൈക്കോലിൻറേയും ലഭ്യതകുറവ് ക്ഷീരകർഷകർക്ക് ഇപ്പോഴും വെല്ലുവിളിയാണ്. |

| | |
|---|---|
| | തരിശുഭൂമിയുടെ ശരിയായ ഉപയോഗവും തീറ്റപുൽകൃഷി പ്രോത്സാഹിപ്പിക്കലും ഇതിനൊരു പരിധിവരെ പരിഹാരമാണ്. പോഷകാഹാരകുറവ്, തീറ്റപുൽ, വൈക്കോൽ ദൗർലഭ്യം, വന്ധ്യത പ്രശ്നം, മൃഗങ്ങളിലെ രോഗങ്ങളും ക്ഷീരമേഖലയിലെ കുതിച്ചുചാട്ടത്തിന് തടസ്സമായി തുടരുന്നു. തരിശുഭൂമിയിൽ തീറ്റപുൽകൃഷി, കൂടുതൽ ഉണഭോക്താക്കൾക്ക് പാലിന് സബ്സിഡി സ്കീം, എല്ലാ കന്നുകാലികൾക്കും സബ്സിഡി നിരക്കിൽ കാലിതീറ്റ ലഭ്യമാക്കൽ, കറവ പശുക്കൾക്ക് ധാതുലവണമിശ്രിതം നൽകൽ, മൃഗാശുപത്രി വഴി പാലുൽപാദന വർദ്ധനവിന് ഉതകുന്ന മരുന്ന് വാങ്ങി നൽകല് എന്നിവ ഇതിനുള്ള പരിഹാര മാർഗ്ഗങ്ങളായി ഭരണസമിതി വിലയിരുത്തുന്നു.<br><br>രണ്ട് ഇറച്ചികോഴി വളർത്തല് യൂണിറ്റുകള് പഞ്ചായത്തിലുണ്ട്.മുട്ടക്കോഴി വളർത്തല് പദ്ധതി നടപ്പാക്കുക വഴി മുട്ട ഉൽപ്പാദനത്തില് സ്വയം പര്യാപ്തത കൈവരിക്കാനും മാംസഉൽപ്പാദന വർദ്ധനവിനും ലക്ഷ്യമിടുന്നു. ശാസ്ത്രീയമായ അറവുശാലയുടെ അഭാവം ഒരു വലിയ പ്രശ്നമാണ്. ശുദ്ധവും ഗുണനിലവാരവും ഉള്ള മാംസ ഉല്പാദനത്തിന് ശാസ്ത്രീയമായ അറവുശാല വളരെ അത്യാവശ്യമാണ്. ശാസ്ത്രീയമായ രീതിയിലുള്ള തൊഴുത്ത് നിർമ്മാണം,ആട്ടിൻകൂടുകൾ,കോഴിക്കൂടുകൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ടു 1 പഞ്ചായത്തിൽ നടപ്പിലാക്കുന്നു.<br>പേവിഷബാധ കുത്തിവെയ്പ്പ് നടത്തിയ മാട്ടുകളുടെ എണ്ണം 369 ആണ്.<br><br>**ക്ഷീരവികസനം**<br>വള്ളത്തോൾനഗർഗ്രാമപഞ്ചായത്തില് ക്ഷീരമേഖലക്ക് നല്ലൊരു പുരോഗതിയാണ് ഓരോ വർഷവും ഉണ്ടായിട്ടുള്ളത്. നിലവില് 2 ക്ഷീരസഹകരണ സംഘങ്ങൾ ആണ് 16 വാർഡുകളിലായി പ്രവർത്തിക്കുന്നത്. ജനകീയാസൂത്രണ വഴി നടപ്പിലാക്കുന്ന പദ്ധതികളുടേയും ക്ഷീരവികസന വകുപ്പിൻറേയും ഇടപെടലുകളുടെ ഭാഗമായി പാൽ ഉൽപാദന വർദ്ധനവ് വരുത്താന് സാധിച്ചിട്ടുണ്ട്.<br>കറവപശുവളർത്തല്മുട ,ല്ആട് വളർത്ത ,്ടകോഴി വളർത്തല് എന്നീ പദ്ധതികള് വിഭാവനം ചെയ്തതോടെ കുറെയധികം വനിതകൾക്ക് വീട്ടിലിരുന്ന് വരുമാനമാർഗ്ഗം ഉണ്ടാക്കാനുള്ള വഴിതെളിഞ്ഞു)–/27780000 ഇതിനായി .ഇരുപത്തി ഏഴ് ലക്ഷത്തി എഴുപത്തിഎട്ട് .രൂപ ചെലവഴിച്ചു( 25–2024 ,24–2023വർഷങ്ങളിലായി തെരുവ് നായ്ക്കൾക്ക് പേവിഷബാധക്കെതിരെയുള്ള പ്രതിരോധ കുത്തിവെപ്പ് നടത്തുന്നതിനായി –/180000 രൂപ ചെലവഴിച്ചു .2024–25 വാർഷികപദ്ധതി കറവപശുക്കള്ക്ക് ധാതുലവണമിശ്രിതം വിരമരുന്ന് പദ്ധതി പ്രകാരം –/158779രൂപയുടെ വിരമരുന്ന് വിതരണം ചെയ്തിട്ടുണ്ട്. |

<table>
<tr><th colspan="2">മത്സ്യബന്ധനം</th></tr>
<tr><th>അന്ന്</th><th>ഇന്ന്</th></tr>
<tr><td>ഈ പഞ്ചായത്തിലൂടെ ഒഴുകുന്ന ഭാരതപുഴയും 5 കിലോമീറ്ററോളം നീളമുള്ള തോടുകളും 14 പഞ്ചായത്ത് കുളങ്ങളും 36 ഓളം സ്വകാര്യ കുളങ്ങളും ഉണ്ട്. മത്സ്യബന്ധനം മുഖ്യതൊഴിലാക്കി 25 ഓളം പേരാണ് പഞ്ചായത്തിൽ ഉള്ളത്. ഉൾനാടന് മത്സ്യബന്ധനത്തിന് സാദ്ധ്യത കുറവാണ്.</td><td>പുഴകളിൽ നിന്നും, തോടുകളിൽ നിന്നും , കുളങ്ങളിൽ നിന്നും മത്സ്യം പിടിച്ച് വിൽപ്പന നടത്തി ജീവിക്കുന്ന 20 കുടുംബങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്. കൂടാതെ മത്സ്യം വളർത്തി വരുമാനം നേടുന്ന നിരവധി കർഷകർ ഇന്ന് പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള 13 കുളങ്ങൾ മത്സ്യം വളർത്തുന്നുണ്ട്. പൊതുകുളങ്ങളിലും ലേലം ചെയ്ത 22 കുളങ്ങളിലുമായി 67,800 മത്സ്യ കുഞ്ഞുങ്ങളെ, മത്സ്യ വികസന വകുപ്പിൻറെ സഹകരണ ത്തോടെ വളർത്തുന്നതിന് നടപ്പ് സാമ്പത്തിക വർഷത്തിൽ കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല മുൻ കാലങ്ങളെ അപേക്ഷിച്ച് പുതിയ മാർഗ്ഗങ്ങൾ വഴിയും കർഷകർ മത്സ്യം വളർത്തി ഉപജീവനം നടത്തി വരുന്നുണ്ട്. ബയോഫ്ലോക്കാണ് കർഷകർ മത്സ്യം വളർത്തുന്നതിനു ഉപയോഗിക്കുന്ന നൂതന മാർഗ്ഗം. കർഷകർക്കും ചെറു കുളങ്ങളുള്ള കർഷകർക്കുമായി മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനും ഈ വർഷം പഞ്ചായത്തിന് സാധിച്ചു.<br>സ്വകാര്യ കുളങ്ങളിലും, പടുതാ കുളങ്ങളിലും, ടാങ്കുകളിലും, മത്സ്യം വളർത്തുന്നതിനാവശ്യമായ മത്സ്യ കുഞ്ഞുങ്ങളെ സംസ്ഥാന മത്സ്യ വികസന വകുപ്പിൻറെ സഹകരണത്തോടെ പൂർണ്ണമായും സൌജന്യമായി നൽകിവരുന്നു കൂടാതെ നല്ല നിലയിൽ മത്സ്യം വളർത്തുന്ന പടിതാകുളം, ബയോഫ്ലോക്ക് കർഷകർക്ക് പരമാവധി 1,20,000 രൂപ വരെ ധനസഹായവും നൽകി വരുന്നു. കർഷകരുടെ വരുമാനം വർദ്ധിക്കുന്നതോടൊപ്പം, മായം കലരാത്ത ശുദ്ധമായ മത്സ്യം ലഭ്യമാക്കുന്നത് വഴി സ്വയം പര്യാപ്തത നേടുക എന്നതാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. തൊഴിലുറപ്പ് പദ്ധതിയിലൂടെ കഴിഞ്ഞ വർഷം 3 കുളങ്ങൾ നിർമ്മിച്ചു. തടയണ നിര്മ്മി ച്ചതോടെ ഭാരതപ്പുഴയിൽ നിന്നുള്ള മത്സ്യബന്ധനം കൂടുതൽ സൗകര്യപ്രദമായി.</td></tr>
</table>

| വള്ളത്തോൾനഗർഗ്രാമപഞ്ചായത്ത്പരിധിയിലുള്ള കുളങ്ങളുടെ വിവരം | | | | |
|---|---|---|---|---|
| No | വാർഡ് നമ്പർ | കുളത്തിന്റെ പേര് | വിസ്തീർണ്ണം | കുളത്തിന്റെ ഉടമസ്ഥാവകാശം |
| 1 | 15 | നരസിംഹമൂർത്തി ക്ഷേത്രകുളം | 625 | ക്ഷേത്രം വകകുളം |
| 2 | 11 | പൊട്ടകുളം | 330 m2 | പൊതുകുളം |
| 3 | 11 | കാരാഞ്ചേരികുളം | 10400 m2 | പൊതുകുളം |
| 4 | 14 | ഇരട്ടക്കുളം | 9960 m2 | പൊതുകുളം |
| 5 | 16 | വിളയത്ത് കുളം | 96 m2 | പൊതുകുളം |
| 6 | 16 | പുത്തൻകുളം | 1320 m2 | പൊതുകുളം |
| 7 | 15 | കോഴിമാംപറമ്പ് കുളം | 980 m2 | പൊതുകുളം |
| 8 | 9 | പോതാകുളം | 240 m2 | പൊതുകുളം |
| 9 | 12 | കുന്നൻകുളം | 5760 m2 | പൊതുകുളം |
| 10 | 16 | കോരപ്പള്ളത്ത് കുളം | 704 m2 | പൊതുകുളം |
| 11 | 12 | ചാത്തൻകുളം | 589 m2 | പൊതുകുളം |
| 12 | 12 | തുപ്പൻകുളം | 2925 | പൊതുകുളം |
| 13 | 14 | യത്തീംഖാന കുളം | 2700 | പൊതുകുളം |
| 14 | 6 | കുളമ്പ് കുളം | 240 m2 | പൊതുകുളം |
| 15 | 6 | ഗോവിന്ദൻകുട്ടി | 60 | സ്വകാര്യകുളം |
| 16 | 6 | മദൻമോഹൻ | 300 | സ്വകാര്യകുളം |
| 17 | 6 | വേണുഗോപാൽ | 64 | സ്വകാര്യകുളം |
| 18 | 6 | പട്ടകുളം | 600 | സ്വകാര്യകുളം |
| 19 | 6 | അബ്ബാസ് | 64 | സ്വകാര്യകുളം |
| 20 | 6 | മുഹമ്മദാലി പാറമടകുളം | 400 | സ്വകാര്യകുളം |
| 21 | 1 | മധു, പുറക്കോട്ട് കുളം | 2640 | സ്വകാര്യകുളം |

| | | | | |
|---|---|---|---|---|
| 22 | 6 | കുഞ്ഞുണ്ണി | 64 | സ്വകാര്യകുളം |

# വിദ്യാഭ്യാസം

| അന്ന് | ഇന്ന് |
|---|---|
| വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിലെ വിദ്യാഭ്യാസ ചരിത്രം പരിശോധിച്ചാൽ ചില മഹദ്വ്യക്തികളുടെ പരിശ്രമങ്ങൾ തെളിഞ്ഞു കാണാം. കൊളമ്പിൽ പടിഞ്ഞാക്കര. .യൂസഫ് ഹാജി, കിഴക്കേപ്പീടികയിൽ മുഹമ്മദ്കുട്ടി, നെട്ടമ്പര പടിഞ്ഞാക്കര മുണ്ടവൈദ്യൻ മകൻ മാധവൻ വൈദ്യർ, ടി.എൻ. വിദ്യാധരൻ മാസ്ററർ, വെട്ടിക്കാട്ടിരി പുരുഷോത്തമപ്പണിക്കർ എന്നിവരുടെ ശ്രമഫലമായാണ് ഇന്ന് നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മിക്കതും സ്ഥാപിതമായിരിക്കുന്നത്.<br>ശ്രീ കൊളമ്പിൽ പടിഞ്ഞാക്കര യൂസഫ് ഹാജിയുടെയും പിന്നീട് കിഴക്കേപ്പീടികയിൽ മുഹമ്മദ്കുട്ടി മുതലാളിയുടേയും നേതൃത്വത്തിലാണ് ഇപ്പോഴത്തെ ഗവണ്മെൻറിന് ഹൈസ്കൂളിന്റെ പ്രാരംഭ പ്രവർത്തനങ്ങൾആരംഭിച്ചത്. കേവലം എൽ.പി. സ്കൂളായി ആരംഭിച്ച സ്കൂൾ പിന്നീട് മണ്ണഴി മനക്കാർ ഏറ്റെടുത്ത് നടത്തിവന്നു. ഏതാണ്ട് 1940 ഓടു കൂടി സ്കൂൾ ഗവണ്മെവന്റ് ഏറ്റെടുത്തു. 1947 ഓടു കൂടി എൽ.പി., യു.പി., ഹൈസ്കൂൾ എന്നീ മൂന്ന് വിഭാഗങ്ങളും പ്രവര്ത്തിച്ചു തുടങ്ങി. 1949-ൽ ആദ്യത്തെ എസ്.എസ്.എൽ.സി. ബാച്ച് പുറത്തിറങ്ങി.<br>അക്കാദമിക് തലത്തിലും കലാ-കായിക തലത്തിലും ചെറുതുരുത്തി ഗവ. ഹൈസ്കൂൾ ഉന്നത നിലവാരം പുലര്ത്തിയിരുന്നു. എന്നാൽ അനുദിനം വര്ദ്ധിച്ചുവന്ന ആവശ്യങ്ങള്ക്കനുസരിച്ച് ഭൗതിക സാഹചര്യങ്ങൾ പര്യാപ്തമല്ലാതെ വന്നപ്പോൾ വേണ്ട സമയത്ത് വേണ്ടത്ര അദ്ധ്യാപകരെ ലഭിക്കാതെ വന്നപ്പോൾ ക്രമേണ നിലവാരം എല്ലാ തരത്തിലും താണുതാണു തുടങ്ങി. വര്ഷരങ്ങളോളം നീണ്ടുനിന്ന ഷിഫ്റ്റ് സമ്പ്രദായം ഈ അധോഗതിക്ക് ആക്കം കൂട്ടി.<br>ഇതിനൊരു പരിഹാരമെന്ന നിലയ്ക്ക് സ്കൂൾ പി.ടി.എ. എല്ലാ വീടുകളിലും കയറിയിറങ്ങി താല്കാലിക കെട്ടിടം പണിയുകയും 1994-95 - ൽ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുകയും ചെയ്തു.<br>ശ്രീ. ടി.ആർ. നായരുടെ നേതൃത്വത്തിൽ നാട്ടുകാരുടെ സഹകരണത്തോടെ 1955-ൽ പള്ളിക്കൽ പ്രദേശത്ത് സര്േവ്വാമദയം എൽ.പി. സ്കൂൾ എന്ന പേരിൽ സ്കൂൾ ആരംഭിച്ചു. ക്രമേണ ഈ സ്കൂൾ യു.പി. ആയി ഉയര്ന്നു . | നവകേരള മിഷന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി അത്ഭുത കരമായ പുരോഗതിയാണ് ഈ കാലയളവിൽ പഞ്ചായത്ത് പരിധിയിലെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എയുടെ സാന്നിദ്ധ്യത്തില് സ്കൂൾ അധികാരികളും ജനപ്രതിനിധികളും നിരവധി ദിവസം നടത്തിയ ചർച്ചകളിലൂടെ രൂപപ്പെട്ട ആശയങ്ങൾ അടുത്ത കാൽനൂറ്റാണ്ട് കാലത്തെ ആവശ്യങ്ങളുമായി കൂട്ടിയോജിപ്പിച്ച് തയ്യാറാക്കിയ മാസ്റ്റര്പ്ലാനിന്റെ അടിസ്ഥാനത്തിലാണ് ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമായ ഗവ.ഹയർ സെക്കന്ററി സ്കൂളിലെ പ്രവർത്തനങ്ങൾപുരോഗമിക്കുന്നത്. മാസ്റ്റര്പ്ലാൻനടപ്പിലാ ക്കാന് 10 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. ഇതിൽ കിഫ്ബിയിൽ നിന്നുള്ള 5 കോടിയും ബഹു.എം.എൽ.എ ഫണ്ടിൽനിന്നും 1 കോടി ആകെ 6 കോടി ചെലവഴിച്ചാണ് പുതിയകെട്ടിടനിര്മ്മാണം പണിപൂര്ത്തിയാക്കിയിട്ടുള്ളത്. മാസ്റ്റര്പ്ലാനിൽ ബാക്കിയുള്ള മിനി സ്റ്റേഡിയം, ഓപ്പൺ എയര്ഓഡിറ്റോറിയം, സ്വിമ്മിംഗ്പൂൾ, ജൈവ വൈവിധ്യ പാർക്ക്, പൂന്തോട്ടങ്ങൾ തയ്യാറാക്കി യിട്ടുള്ള കോമ്പൗണ്ടിന്റെ ബ്യൂട്ടിഫിക്കേഷൻ, മഹാന്മാരുടെ ചിത്രങ്ങളും സൂക്തങ്ങളും ആലേഖനം ചെയ്തുകൊണ്ടുള്ള പൈതൃക ചുറ്റമതില് എന്നിവ കൂടി പൂർത്തിയാകുന്നതോടെ അന്തര്ദേശീയ നിലവാരത്തിലേക്ക് വിദ്യാലയ ങ്ങൾ മാറുകയെന്ന സർക്കാരിൻറെ ലക്ഷ്യത്തിലേക്ക് നമ്മുടെ സ്കൂളും എത്തിച്ചേരും. ജില്ലാപഞ്ചായത്ത് സ്ഥാപനമായ ഹയര്സെക്കന്ററി സ്കൂളിൽ 477270/- രൂപ ചെലവഴിച്ച് പഞ്ചായത്ത് കുടിവെള്ളസൗകര്യവും, യു.പി വിദ്യാർത്ഥികൾക്കുള്ള ടോയ്ലെറ്റ് ബ്ലോക്കും നിർമ്മിച്ചു നല്കിയിട്ടുണ്ട്.<br>ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഗവ.എൽ.പി സ്കൂൾ സംസ്ഥാനത്തെ മികച്ച സ്കൂളുകളുടെ പട്ടികയിലേക്കാണ് മുന്നേറിയിരിക്കുന്നത്. സ്കൂൾ നവീകരണത്തിന് കിഫ്ബിയിൽ നിന്നും ഒരു കോടി രൂപയും, പഞ്ചായത്തിന്റെ 7546704/- രൂപയും വിനിയോഗിച്ചിട്ടുണ്ട്. ഇതിനുപുറമേ ഹൈടെക് ക്ലാസ് |

1957 നെടുമ്പുര ദേശത്ത് ഒരു എൽ.പി. സ്കൂൾ ആരംഭിച്ചു. അക്കാലത്ത് ആ ദേശത്തെ സര്വ്വസമ്മതനായിരുന്ന ശ്രീ . മുണ്ടവൈദ്യരുടെ ഓര്മ്മ് നിലനിര്ത്താൻ അദ്ദേഹത്തിന്റെ മകൻ മാധവൻ വൈദ്യർ എം.വി.എം.എൽ.പി. സ്കൂൾ ആരംഭിച്ചു.

ശ്രദ്ധാർഹമായ ഒരു സ്ഥാപനമാണ് എസ്.എൻ.ടി.ടി.ഐ. ശ്രീമതി. കെ.പി. മാധവിയമ്മയുടെ ഉടമസ്ഥതയിൽ 1963 – ൽ ഇതാരംഭിച്ചു. ഇവിടത്തെ അദ്ധ്യാപക വിദ്യാര്ത്ഥി കൾക്ക് പരിശീലനം നേടുന്നതിനുള്ള ആവശ്യ സൗകര്യം എന്ന നിലയിലാണ് എൽ.പി., യു.പി. വിഭാഗങ്ങൾ പ്രവർത്തിച്ച് തുടങ്ങിയത്

വെട്ടിക്കാട്ടിരി പ്രദേശത്തെ കുട്ടികള്ക്ക് വേണ്ടി 1976 –ൽ ശ്രീ. പുരുഷോത്തമ പണിക്കരുടെ ഉടമസ്ഥതയിൽവെട്ടിക്കാട്ടിരി എസ്.എൻ.എൽ.പി. സ്കൂൾ ആരംഭിച്ചു.

വിശ്വപ്രസിദ്ധമായ കലാമണ്ഡലത്തിൽ നിന്നും വിവിധ കലകളിൽ പ്രാവീണ്യം നേടി പുറത്തുവരുന്നവരുടെ വിദ്യാഭ്യാസ നിലവാരം കൂടി ഉയർത്തുക എന്ന സദുദ്ദേശ്യത്തോടെ ആരംഭിച്ചതാണ് കലാമണ്ഡലം ഗവ.ആർട്സ് ഹൈസ്കൂൾ. സ്കൂളിന് ഒരു സ്റ്റാഫ് പാറ്റേണോ, സ്ഥിരം അദ്ധ്യാപകരോ ഇല്ലായിരുന്നു.

സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഒന്നും തന്നെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉണ്ടായിരുന്നില്ല. എന്നാൽ പഞ്ചായത്തിലെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിലുണ്ടാകുന്ന പരിവര്ത്തനത്തിലൂടെ ഒരോ വിദ്യാലയത്തിലേയും പഠന നിലവാരം മെച്ചപ്പെടുത്തി പൊതുവിദ്യാഭ്യാസ നിലവാരം ഉയര്ത്തുന്നതിനുള്ള പ്രവര്ത്തനങ്ങളില് പഞ്ചായത്ത് നിലകൊണ്ടിരുന്നു.

റൂമുകളാക്കുന്നതിന് 642990/– രൂപ വിനിയോഗിച്ച് മനോഹരമായ ഫര്ണീച്ചറുകളും ഡിജിറ്റൽ പഠനസൗകര്യത്തിന് വേണ്ടി 774800/– രൂപ ചെലവഴിച്ച് പ്രൊജക്ടറുകളും കമ്പ്യൂട്ടറുകളും പഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. ഇതിന്റെയെല്ലാം ഭാഗമായി ഒന്നാം ക്ലാസിലേക്ക് തൃശ്ശൂർ റവന്യൂജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ ചേരുന്ന സ്കൂൾ എന്ന ബഹുമതിയും ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന ഗവ.എൽ.പി സ്കൂൾ എന്ന ഖ്യാതിയും തുടര്ച്ചയായി നാം നിലനിര്ത്തിപോരുകയാണ്.

പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സർക്കാർ,, എയ്ഡഡ് സ്കൂളുകൾക്കും പഠനസൗകര്യത്തിനായി കമ്പ്യൂട്ടറുകൾ നല്കുന്നതിനും, സ്കൂളിൽ ശലഭ ഉദ്യോനം നിർമ്മിക്കുന്നതിനുള്ള ധനസഹായം നല്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. എസ്.എൻ.ടി.ടി.ഐ പുതുശ്ശേരി, നെടുമ്പുര എം.വി.എം.എല്.പി സ്കൂൾ എന്നീ എയ്ഡഡ് സ്ഥാപനങ്ങളിൽ 328700/– രൂപ ചെലവഴിച്ച് പഞ്ചായത്ത് ടോയ്ലറ്റ് ബ്ലോക്കുകൾ നിര്മ്മിച്ചുനല്കുകയും ചെയ്തിട്ടുണ്ട്. നമുടെ പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിൽ കണ്ണഞ്ചിപ്പിക്കുന്ന പുരോഗതിയാണ് ഈ കാലയളവിൽ നേടാനായിട്ടുള്ളത്.

വളളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ സര്ക്കാര് മേഖലയിൽ ഒരു ഹയര്സെകക്കണ്ടറി സ്കൂളും, ഒരു എൽ.പി. സ്കൂളും, എയ്ഡഡ് മേഖലയിൽ രണ്ട് എൽ.പി.സ്കൂളുകളും, രണ്ട് യു.പി. സ്കൂളുകളും, ഒരു ടീച്ചർ ട്രെയിനിംഗ് സെന്ററും, ഒരു പ്രീ–പ്രൈമറി ടീച്ചേഴ്സ് സെൻററുംപ്രവർത്തിച്ചു വരുന്നു.ചെറുതുരുത്തി ഗവണ്മെന്റ് ഹയര്സെക്കന്ററി സ്കൂൾ, കേരള കലാമണ്ഡലം കല്പ്പിത സർവകലാശാല പള്ളിക്കൽ എയ്ഡഡ് യു.പി. സ്കൂൾ, പുതുശ്ശേരി എസ്.എൻ.ടി.ടി.ഐ., നെടുമ്പുര എം.വി.എം.എൽ.പി. സ്കൂൾ, ചെറുതുരുത്തി ഗവ. എൽ.പി. സ്കൂൾ. വെട്ടിക്കാട്ടിരി എസ്.എൻ.എൽ.പി. സ്കൂൾ എന്നിവയാണ് ഈ പഞ്ചായത്തിലെ പൊതു വിദ്യാലയങ്ങൾ. ഒരു സ്വാശ്രയ ആയുര്വ്വേ ദ കോളേജും പാരലൽ കോളേജും വിദ്യാഭ്യാസ രംഗത്ത് വളളത്തോൾ നഗർ പഞ്ചായത്തിൽ പ്രവര്ത്തിളച്ചു വരുന്നു.

<u>കേരള കലാമണ്ഡലം.</u>

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ നാമാവശേഷമായിത്തീര്ന്ന കഥകളിക്കും മോഹിനിയാട്ടത്തിനും സമാനങ്ങളായ പാരമ്പര്യകലകള്ക്കും നവജീവൻ നല്കിയത് മഹാകവി വളളത്തോൾ നാരായണമേനോനും അദ്ദേഹത്തിന്റെ സന്തത സഹചാരിയായിരുന്ന മണക്കുളം മുകുന്ദരാജയുമായിരുന്നു. വര്ഷങ്ങള് നീണ്ടുനിന്ന ഇവരുടെ കഠിനപരിശ്രമത്തിന്റെയും ഇച്ഛാശക്തിയുടെയും ഫലശ്രുതിയാണ് തൃശ്ശൂർ ജില്ലയിലെ വളളത്തോൾ നഗർ പഞ്ചായത്തിൽ ഭാരതപ്പുഴയോട് ചേര്ന്ന് സ്ഥിതി ചെയ്യുന്ന കേരള കലാമണ്ഡലം. 1930 നവംബർ 9 ന് കക്കാട് കാരണവപ്പാടിന്റെ കുന്ദംകുളത്തുള്ള മഠപ്പാട്ടില് വെച്ച് കലാമണ്ഡലത്തിന് ആരംഭം കുറിച്ചു. 1936 ലാണ് ചെറുതുരുത്തിയിലെ നിളാ തീരത്തുള്ള സ്വന്തം സ്ഥലത്ത് കലാമണ്ഡലത്തിന്റെ കളരികളും ഭരണകേന്ദ്രവും സജീവമാകുന്നത്.

പ്രാചീന ഭാരതത്തിൽ നിലവിലുണ്ടായിരുന്ന

ഗുരുകല സമ്പ്രദായത്തിലാണ് ഇവിടെ അദ്ധ്യയനം നടക്കുന്നത്. ഇതിനായി പ്രത്യേകം തയ്യാറാക്കിയ കളരികൾ ഉണ്ട്. സ്വദേശികളും വിദേശികളുമടക്കം നിരവധി പേർ കലാമണ്ഡലത്തെയും കലകളേയും പറ്റി മനസ്സിലാക്കുന്നതിനും ഗവേഷണത്തിനുമായി ഇവിടെ എത്തുന്നുണ്ട്. വിവിധ കലകളെപ്പറ്റി പൊതുജനങ്ങൾക്ക് മനസ്സിലാക്കുന്നതിനായി ഗുരുവിനൊപ്പം ഒരു ദിവസം എന്ന പരിപാടി തയ്യാറാക്കിയിട്ടുണ്ട്.

1957 ൽ കലാമണ്ഡലത്തിന്റെ ഭരണം സംസ്ഥാന സർക്കാര് ഏറ്റെടുത്ത് ഗ്രാന്ഡ് ഇൻ ഗ്രേഡ് സ്ഥാപനമാക്കി. 1962 നവംബറിൽ കേരള ആര്ട്സ് അക്കാദമിയാക്കി ഉയര്ത്തി . പിന്നീട് വള്ളത്തോൾ ഭവനം മ്യൂസിയമാക്കി മാറ്റി. കലാമണ്ഡലത്തിലെ ഏറ്റവും ശ്രദ്ധയമായ കലാദൃശ്യമാണ്നാട്യശാസ്ത്ര വിധിപ്രകാരം നിര്മ്മിച്ച കൂത്തമ്പലം. കലാ അദ്ധ്യായത്തിനും അക്കാദമിക് പഠനത്തിനുമുള്ള സൗകര്യങ്ങൾ ഇവിടെ ഉണ്ട്. ചാരുദത്തം, നാടകാവിഷാകാരം, നങ്ങ്യാര്കൂദത്ത് ഡോക്യുമെന്റേഷൻ, ഡിജിറ്റൽ ലൈബ്രറി, കൂത്തമ്പല നിര്മ്മാ ണം എന്നിവയാണ് പുതിയ പ്രവര്ത്ത്നങ്ങൾ.

<u>പി.എൻ.എൻ.എം. ആയുരേ്വ്വദ മെഡിക്കൽ കോളേജ്</u>

പി.എൻ.എൻ.എം ആയുരേ്വ്വദമെഡിക്കൽ കോളേജ് ആന്ഡ് ഹോസ്പിറ്റൽ, തൃശ്ശൂരിലെ കേരള യൂണിവേഴ്സിറ്റി ഓഫ് ഹെല്ത്ത് സയൻസില് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഒരു സ്വാശ്രയ സ്ഥാപനമാണ്. ഈ ആയുരേ്വ്വദ കോളേജിന് സെന്ട്രൽ കൗണ്സിൽ ഓഫ് ഇന്ത്യൻ മെഡിസിന്സ് , ഇന്ത്യ ഗവണ്മെന്റ് , ആയുഷിലെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം എന്നിവയുടെ അംഗീകാരം ലഭിച്ചു.ആയുർവേദത്തിൻറെ ആദരണീയമായ ശാസ്ത്രം പഠിപ്പിക്കുന്ന ഒരു സ്ഥാപനത്തിന് അനുയോജ്യമായ ശാന്തവും ഏതാണ്ട് ഉദാത്തവുമായ ഒരു അന്തരീക്ഷമാണ് കോളേജ് ക്യാമ്പസിനുള്ളത്. ലോകത്തിലെ ആദ്യത്തേയും പ്രശസ്തവുമായ ആയുരേ്വ്വദ കേന്ദ്രം, കേരളീയ ആയുരേ്വ്വദ സമാജം മെഡിക്കൽ കോളേജായി പ്രവർത്തിക്കുന്നു. “ആയുരേ്വ്വദാചാര്യ “ എന്ന പേരിൽ BAMS(ബാച്ചിലർ ഓഫ് ആയുർവേദ മെഡിസിൻ ആന്ഡ്യ സര്ജേറി) എന്നിവയും കോളേജ് വാഗ്ദാനം ചെയ്യുന്നു.

സമര്പ്പിതരും പ്രഗത്ഭരുമായ ഫാക്കൽറ്റിയാണ് അക്കാദമിക് വിഭാഗത്തിൽ പ്രവർത്തിക്കുന്നത്. ആയുർവേദത്തിൻറെ നിര്ദ്ദിഷ്ട പാഠ്യപദ്ധതിക്ക് പുറമേ, ജ്യോതിഷം, വാസ്തു, തന്ത്രം തുടങ്ങിയ പ്രാചീന ശാസ്ത്രങ്ങളിലെ അറിവ് പ്രഗത്ഭരായ പണ്ഡിതന്മാരാൽ പകർന്നുനൽകുന്നു.

നവകേരള മിഷന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി അത്ഭുതകരമായ പുരോഗതിയാണ് ഈ കാലയളവിൽ പഞ്ചായത്ത് പരിധിയിലെ വിദ്യാഭ്യാസ മേഖലയില് ഉണ്ടായിട്ടുള്ളത്. ഇക്കഴിഞ്ഞ കാലയളവിൽ ഗവ. എൽ.പി സ്കൂളിൽ 58,00,000/- രൂപ എം.എൽ.എ

| | |
|---|---|
| | ഫണ്ട് ചെലവഴിച്ച് ഓഫീസ് റൂമോടു കൂടിയ ബിൽഡിംഗും 1,28,00,000/- രൂപ കിഫ്ബി ഫണ്ട് ഉപയോഗിച്ച് തൊട്ടടുത്ത് പുതിയ ബ്ലോക്കും എസ്.എസ്.കെ യുടെ 50,00,00/- രൂപ ചെലവഴിച്ച് 4 ക്ലാസ്സ് റൂമുകളും ബ്ലോക്ക് പഞ്ചായത്ത് 100000/- രൂപ ചെലവഴിച്ച് ടോയിലെറ്റ് ബ്ലോക്കും ഗ്രാമപഞ്ചായത്ത് വികസന ഫണ്ട് 650000/- രൂപ ഉപയോഗിച്ച് ഗവ. എൽ.പി. സ്കൂൾ കവാടവും, 70000/- രൂപ ചെലവഴിച്ച് വാട്ടർ പ്യൂരിഫയറും നടപ്പിലാക്കിയിട്ടുണ്ട്. എസ്.എസ് കെ സ്റ്റാർസ് പദ്ധതിയിൽ നിന്ന് 10,00,000/- രൂപ ഉപയോഗപ്പെടുത്തി ആധുനിക സൌകര്യങ്ങളോടുകൂടിയ 13 വ്യത്യസ്തങ്ങളായ ഇടങ്ങൾ വർണ്ണക്കൂടാരം എന്ന പേരിൽ പ്രീപ്രൈമറി കുട്ടികൾക്ക് ആർത്തുല്ലസിക്കുന്നതിന് വേണ്ടി ആരംഭിച്ചു. 503176/- രൂപ വിനിയോഗിച്ച് ഗവ. എൽ.പി സ്കൂളിലേക്ക് ആവശ്യമായ ഫർണ്ണീച്ചറുകളും ഗ്രാമപഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. ഇതിന്റെയെല്ലാം ഭാഗമായി ഒന്നാം ക്ലാസ്സിലേക്ക് തൃശ്ശൂർ റവന്യൂജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ ചേരുന്ന സ്കൂൾ എന്ന ബഹുമതിയും ആയിരത്തിലധികം കുട്ടികൾ പഠിക്കുന്ന ഗവ.എൽ.പി സ്കൂൾ എന്ന ഖ്യാതിയും തുടർച്ചയായി നാം നിലനിർത്തിപോരുകയാണ്. ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഗവ.എൽ.പി സ്കൂൾ സംസ്ഥാനത്തെ മികച്ച സ്കൂളുകളുടെ പട്ടികയിലേക്കാണ് മുന്നേറിയിരിക്കുന്നത്.<br><br>കിഫ്ബിയിൽ നിന്നുള്ള 5 കോടിയും ബഹു.എം.എൽ.എ ഫണ്ടിൽനിന്നും 1 കോടി ആകെ 6 കോടി ചെലവഴിച്ചാണ് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ പുതിയ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. 500000/- രൂപ എം.എൽ.എ ഫണ്ട് ചെലവഴിച്ച് കവാടം നിർമ്മിച്ചു. മിനി സ്റ്റേഡിയം നിർമ്മാണത്തിന് എം.എൽ.എ ഫണ്ടിൽ നിന്നും 1 കോടി രൂപ പുതിയതായി വകയിരുത്തിയിട്ടുണ്ട്. ജില്ലാപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ടിങ്കറിംഗ് ലാബ്, ടോയ്ലെറ്റ് ബ്ലോക്ക് ചുറ്റമതിൽ തുടങ്ങിയവയും വിദ്യാഭ്യാസമേഖലയിലെ ഇക്കഴിഞ്ഞ കാലത്തെ വികസനങ്ങളാണ്.<br><br>പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകൾക്കും ഭൌതികസൗകര്യത്തിനായി തുക വകയിരിത്തുന്നതിനും ചെലവഴിക്കുന്നതിനും സാധിച്ചിട്ടുണ്ട്. എസ്.എൻ.ടി.ടി.ഐ പുതുശ്ശേരി, വെട്ടിക്കാട്ടിരി എസ്.എൻ.എൽ.പി എന്നീ സ്കൂളുകളിൽ 12 ലക്ഷം രൂപ പഞ്ചായത്ത് വികസന ഫണ്ട് ചെലവഴിച്ച് ടോയിലെറ്റ് ബ്ലോക്ക് നിർമ്മിച്ചു നൽകിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസമേഖലയിൽ കണ്ണഞ്ചിപ്പിക്കുന്ന പുരോഗതിയാണ് ഈ കാലയളവിൽ നേടാനായിട്ടുള്ളത്. |

| | |
|---|---|
| | |

| വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വാർഡ് | സ്കൂളുകളുടെ എണ്ണം | | | | | | | | | | | | | | | |
| | ഹൈസ്കൂൾ | | | | യു.പി. | | | | എൽ.പി. | | | | മറ്റുള്ളവ | | | |
| | സർക്കാര് | എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാര് | എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാര് | എയ്ഡഡ് | മറ്റുള്ളവ | ആകെ | സർക്കാര് | എയ്ഡഡ് | മറ്റുള്ളവ | ആകെ |
| 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 2 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 3 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 4 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 5 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 6 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 7 | 0 | 1 | 0 | 1 | 0 | 0 | 1 | 1 | 0 | 1 | 0 | 1 | 0 | 0 | 0 | 0 |
| 8 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 1 | 0 | 0 | 0 | 0 |
| 9 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 10 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 1 | 0 | 0 | 0 | 0 |
| 11 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 12 | 0 | 0 | 0 | 0 | 0 | 1 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 13 | 1 | 0 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 14 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| 15 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 1 | 0 | 0 | 1 | 0 | 0 | 0 | 0 |
| 16 | 0 | 0 | 0 | 0 | 0 | 1 | 0 | 1 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

| വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും സംബന്ധിച്ച വിവരങ്ങള്<br>പട്ടിക 2 – | | | |
|---|---|---|---|
| സ്കൂളിൻറെ പേര് | വിദ്യാർത്ഥികളുടെ എണ്ണം | SC/ST വിദ്യാർത്ഥികളുടെ | അദ്ധ്യാപകരുടെ എണ്ണം |

| | | എണ്ണം | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| ജി .എസ്.പി.എൽ. ചെറുതുരുത്തി | 426 | 360 | 786 | 46 | 49 | 95 | 1 | 22 | 23 |
| എസ് .എസ്.പി.എൽ.എൻ. വെട്ടിക്കാട്ടിരി | 68 | 72 | 140 | 9 | 8 | 17 | 2 | 7 | 9 |
| എപള്ളി .എസ്.പി.യു.ക്കൽ | 143 | 147 | 290 | 12 | 12 | 24 | 6 | 7 | 13 |
| എസ് .ഐ.ടി.ടി.എൻ. ചെറുതുരുത്തി | 235 | 197 | 432 | 12 | 8 | 20 | 1 | 18 | 19 |
| എം .എസ്.പി.എൽ.വി. നെടുമ്പുര | 76 | 72 | 148 | 14 | 16 | 30 | 1 | 7 | 8 |
| ജി .എസ്.എസ്.എച്ച്. ചെറുതുരുത്തി | 656 | 587 | 1243 | 54 | 60 | 114 | 11 | 29 | 40 |

| സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങളെ കുറിച്ചുള്ള വിവരം<br>പട്ടിക 3 – | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| സ്കൂളിൻറെ പേര് | ഡിവിഷൻ ആകെ | വേണ്ടത്ര ക്ലാസ്സ് മുറികളുണ്ടോ ? | ലബോറട്ടറി | സ്റ്റാഫ് റൂം | പാചകമുറി | മൂത്രപ്പുര | കക്കൂസ് | കളിസ്ഥലം | കുടിവെള്ള ലഭ്യത |
| ജി .എസ്.പി.എൽ. ചെറുതുരുത്തി | 20 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| എസ് .എസ്.പി.എൽ.എൻ. വെട്ടിക്കാട്ടിരി | 8 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| എപള്ളിക്കൽ .എസ്.പി.യു. | 14 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| എസ് .ഐ.ടി.ടി.എൻ. ചെറുതുരുത്തി | 15 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| എം .എസ്.പി.എൽ.വി. നെടുമ്പുര | 8 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ജി .എസ്.എസ്.എച്ച്. ചെറുതുരുത്തി | 50 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

| SSLC RESULT – G.H.S.S CHERUTHURUTHY | | |
|---|---|---|
| Year | Total No Of Students | No of Passed Students |
| 2018-19 | 399 | 397 |
| 2019-20 | 414 | 412 |

| | | |
|---|---|---|
| 2020-21 | 392 | 391 |

| കുടിവെള്ളം | |
|---|---|
| **അന്ന്** | **ഇന്ന്** |
| വള്ളത്തോൾനഗർഗ്രാമപഞ്ചായത്തിൽഎല്ലാ വാർഡിലും ഏറിയും കുറഞ്ഞും കുടിനീർക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുണ്ടായിരുന്നു. വേനൽക്കാലത്ത് ഉണ്ടാകുന്ന രൂക്ഷമായ ജലക്ഷാമത്തെ നേരിടുന്നതിന് പലപ്പോഴും നാം പരാജയപ്പെട്ടിരുന്നു. ഉയർന്ന പ്രദേശങ്ങളില് നിന്നുള്ള ടാപ്പുകളിൽ നിന്നും വല്ലപ്പോഴും മാത്രമേ വെള്ളം കിട്ടാറുണ്ടായിരുന്നുള്ളൂ. ശുദ്ധീകരിക്ക പ്പെടാതെ ജലം വിതരണം ചെയ്യപ്പെട്ടിരുന്നു. വേനൽക്കാലത്ത് പലഭാഗങ്ങളിലുള്ള പാവപ്പെട്ട വർ ഒരു കി.മീ ദൂരം സഞ്ചരിച്ച് കുടിനീർകൊണ്ടു വരുന്ന അനുഭവം വേദനാജന കമാണ്. പ്രകൃതി നമുക്ക് അനുഗ്രഹിച്ച് നൽകിയിട്ടുള്ള ജലസ്രോതസ്സു കളെ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്ന തിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. പുഴയിൽ നിന്നും അവിരാമം മണല് കോരിമാറ്റുന്ന പ്രക്രിയ ആരംഭിച്ചിട്ട് വർഷങ്ങളായി. | എല്ലാ ആളുകൾക്കും ആവശ്യമുള്ള ശുദ്ധജലം അവരുടെ വീട്ടുമുറ്റത്ത് എത്തിക്കുക എന്നതായിരുന്നു നമ്മുടെ ലക്ഷ്യം. വിവിധ സംവിധാനങ്ങളുടെ സഹകരണത്തോടെ പഞ്ചായത്ത് പ്രാവർത്തികമാക്കിയ കുടിവെള്ള പദ്ധതികളുടെ ഭാഗമായി ഏറെകുറെ ഈ ലക്ഷ്യം നേടിയെടുക്കാൻ നമുക്ക് ആയിട്ടുണ്ട്. മഹാഭൂരിഭാഗം വാർഡുകളും എല്ലാ വീടുകളിലും ഹൗസ് കണക്ഷന് ഉള്ള സമ്പൂർണ്ണ കുടിവെള്ള വാർഡുകളാണ്. ബാക്കിപ്രദേശങ്ങളിൽ നാമമാത്ര വീടുകളിൽ മാത്രമാണ് ഇനി കണക്ഷന് ലഭ്യമാകാനുള്ളത്. സ്വന്തമായി കിണറോ വാട്ടർ അതോറിറ്റിയുടേയോ ജലനിധിയുടേയോ കണക്ഷനോ ഇല്ലാത്ത എല്ലാ കുടുംബങ്ങൾക്കും സൗജന്യമായി ഹൗസ്കണക്ഷൻ നൽകി കൊണ്ടാണ് ഈ നേട്ടത്തിലേക്ക് മുന്നേറിയിട്ടുള്ളത്. കഴിഞ്ഞ കാലയളവിൽ 13055000/- രൂപ ചെലവഴിച്ച് പുതുശ്ശേരി വടക്കുമുറി കുടിവെള്ള |

| | |
|---|---|
| തൽഫലമായി പുഴയോര പ്രദേശങ്ങളിലുള്ള കിണറുകൾ പോലും വേനൽക്കാലത്ത് വറ്റുന്നതായികണ്ടിട്ടുണ്ട്. തടയണ പോലുള്ള ശാസ്ത്രീയ സംവിധാനങ്ങൾ ആവിഷ്കരിക്കുന്നതിലും മണൽവാരല് നിയന്ത്രിക്കുന്നതിനും അടിയന്തിരര ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.<br>. | പദ്ധതി, പുതുശ്ശേരി കുടിവെള്ളപദ്ധതി, കൈപഞ്ചേരികോളനി കുടിവെള്ളപദ്ധതി, പള്ളിക്കൽ കുടിവെള്ളപദ്ധതി, കാഞ്ഞിരകുറ്റി പറമ്പ് കോളനി കുടിവെള്ളപദ്ധതി, ഒന്നാംമൈൽ കുടിവെള്ളപദ്ധതി, വെട്ടിക്കാട്ടിരി ചക്കുറ്റിക്കാട് കുടിവെള്ളപദ്ധതി, നെടുമ്പുര കോവിൽറോഡ് കുടിവെള്ളപദ്ധതി, നെടുമ്പുര തെക്കേകുന്ന് കോളനി കുടിവെള്ളപദ്ധതി, പന്നിയടി കുടിവെള്ള പദ്ധതി, പന്നിയടി പറക്കാട്ട്കുണ്ട് കോളനി കുടിവെള്ളപദ്ധതി, പന്നിയടി വടക്കുമുറി കുടിവെള്ള പദ്ധതി, പള്ളിക്കൽ പോത്തട്ട പരിസരം കുടിവെള്ളപദ്ധതി, പള്ളിക്കൽ തോട്ടശ്ശേരി കുടിവെള്ളപദ്ധതി, പള്ളിക്കൽ ചുങ്കോണം പരിസരം കുടിവെള്ളപദ്ധതി, കോഴിമാംപറമ്പ് കുംബാരകോളനി കുടിവെള്ള പദ്ധതി, ചെറുതുരുത്തി എൽ പി സ്കൂള് പരിസരം കുടിവെള്ളപദ്ധതി, താഴപ്ര കുടിവെള്ളപദ്ധതി എന്നിവ പൂർത്തിയായിട്ടുണ്ട്. ഇതിനുപുറമേ പഞ്ചായത്ത് അംഗീകാരം നൽകിയ വിവിധ പദ്ധതികളുടേയും ബഹു. എം.എൽ.എ യുടെ പ്രാദേശിക വികസനഫണ്ടിൽ നിന്നും 27 ലക്ഷം രൂപ വിനിയോഗിച്ചുള്ള പുതുശ്ശേരി കമ്പനിപടി–ലക്ഷംവീട്– കുണ്ടുകാട് പരിസരം കുടിവെള്ള പദ്ധതികളുടേയും നിർമ്മാണം അന്തിമഘട്ടത്തിലു മാണ്. ഇതോടൊപ്പം സർക്കാരും വാട്ടര് അതോറിറ്റിയുമായി സഹകരിച്ച് ബാക്കിയുള്ള വർക്ക് കുടി സൗജന്യ ഹൗസ്കണക്ഷന് നൽകുന്നതിനുള്ള ജലജീവൻപദ്ധതിയും പുരോഗമി ക്കുകയാണ്. ഇത്തരം പദ്ധതികൾ കൂടി പൂർത്തിയാകുന്നതോടെ എല്ലാ ഭവനങ്ങളിലും കുടിവെള്ളകണക്ഷൻ ഉള്ള സംസ്ഥാനത്തെ ആദ്യപഞ്ചായത്തായി മാറാൻ നമുക്ക് കഴിയും. ശുദ്ധജലം സംഭരിച്ച് വെക്കുന്നതിന് ആവശ്യപ്പെട്ട പട്ടികജാതി കുടുംബങ്ങൾക്കെല്ലാം വാട്ടർടാങ്കും നൽകിയിട്ടുണ്ട്.<br><br>പഞ്ചായത്തിനു കീഴിൽ 42 പമ്പ് ഹൗസുകളും 8 വാട്ടർ ടാങ്കുകളും ഉണ്ട്. ഏകദേശം 5500 മീറ്ററോളം പൈപ്പ് ലൈനുകൾ നീട്ടി കുടിവെള്ളം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |

വാട്ടർ എ.ടി.എം.

കുടിവെള്ളത്തിനു പോലും ടാക്സ് കൊടുക്കണമെന്ന ഈ ആധുനിക കാലഘട്ടത്തിൽ ദീർഘദൂര യാത്രക്കാർക്കും ഗ്രാമപഞ്ചായത്ത് നിവാസികൾക്കും കുറഞ്ഞ ചെലവിൽ ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാക്കുന്നതിന് ചെറുതുരുത്തി പോലിസ് സ്റ്റേഷനും കൊച്ചിൻ പാലത്തിനും സമീപം 2 വാട്ടർ എടിഎമ്മുകൾ സ്ഥാപിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഒരു രൂപക്ക് ഒരു ലിറ്റർ വെള്ളവും 5 രൂപക്ക് 5 ലിറ്റർ വെള്ളവും ലഭിക്കുന്ന രീതിയിലുള്ള സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്.

## ശുചിത്വം-മാലിന്യ സംസ്കരണം

| അന്ന് | ഇന്ന് |
|---|---|
| സാഹചര്യങ്ങളുടെ സമ്മർദ്ദം, സാമ്പത്തിക കഴിവ്കേട് തുടങ്ങിയ കാരണങ്ങളാൽ പലപ്പോഴും വീടും പരിസരവും വൃത്തിയായി സൂക്ഷിക്കാൻ നിവൃത്തിയില്ലാതെ വരുന്നു. അജ്ഞതയും അശ്രദ്ധയുടെ കാരണത്താൽ പൊതുനിരത്തുകളും പൊതുസ്ഥാപനങ്ങളും അനാരോഗ്യകരമായ അന്തരീക്ഷത്തിലേക്ക് വഴുതി വീണിട്ടുണ്ട്. പാവപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന കോളനികളിലും ദാരിദ്ര്യരേഖക്ക് താഴെയുള്ള ജീവിതനിലവാരത്തിന് വിധിക്കപ്പെട്ടവരുടെ വീടുകളിലും മാർക്കറ്റുകൽപോലെ ജനങ്ങള് കൂടുന്ന കേന്ദ്രങ്ങളിലും മറ്റും ശുചീകരണത്തിൻറെ അഭാവം ചിലപ്പോൾ മാരക രോഗങ്ങളെ ക്ഷണിച്ചുവരിത്തിയേക്കാം. സ്വന്തമായി കക്കൂസ് സ്ഥാപിക്കാൻ കഴിയാത്ത 50 ശതമാനം പേര് നമുടെ പഞ്ചായത്തിൽ ഉണ്ട്. | മാലിന്യം പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് കണ്ടെത്താൻ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പ്രധാനപ്പെട്ട സ്ഥലങ്ങളിലും സിസിടിവി സ്ഥാപിക്കുകയും ജലാശയങ്ങളിലേക്ക് മാലിന്യം ഇടുന്നത് തടയാൻ പ്രത്യേക സംവിധാനം ഉണ്ടാക്കുകയും ചെയ്തത് മുൻകാലങ്ങളില് പഞ്ചായത്തിൻറെ പല കേന്ദ്രങ്ങളിലും മാലിന്യകുമ്പാരങ്ങളായിരുന്നത് മാറ്റിയെടുക്കാൻ നമുക്കായിട്ടുള്ളത്.<br>പഞ്ചായത്തിലെ ജനങ്ങൾക്ക് മാലിന്യ സംസ്കരണത്തിന് മികച്ച പിന്തുണയാണ് ഈ കാലയളവിൽ നൽകിയിട്ടുള്ളത്. അപേക്ഷിച്ച എല്ലാവർക്കും ബയോഗ്യാസ് പ്ലാൻറുകളും ബയോബിന്നുകളും വാങ്ങുന്നതിന് 1233150/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി മുഖേന കമ്പോസ്റ്റ് കുഴിയും നടേപ്പ് കമ്പോസ്റ്റ് സംവിധാനവും നിർമ്മിച്ചു നല്കുകയും ചെയ്തിട്ടുണ്ട്.<br>പ്ലാസ്റ്റിക് രഹിത ഗ്രാമപം സാധ്യമാക്കുന്നതിന് ഷ്രേഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്ന തൃശ്ശൂര് ജില്ലയിലെ ഏക പഞ്ചായത്ത് നമുടേതാണ്. കുടുംബശ്രീയിൽ നിന്നും വളണ്ടിയർമാരെ തെരെഞ്ഞെടുത്ത് പരിശീലനം നൽകി ഹരിതകർമസേന രൂപീകരിച്ച് അവര് മുഖാന്തിരം വീടുകളിൽ നിന്നും സ്ഥാപനങ്ങളില് നിന്നും ഉപയോഗശൂന്യമായ പ്ലാസ്റ്റിക ശേഖരിച്ച് ഷ്രേഡിംഗ് യൂണിറ്റിലെത്തിക്കുകയും അവ സംസ്കരിച്ച് ടാറിംഗിനും മറ്റും ഉപയോഗിക്കാവുന്ന അസംസ്കൃത വസ്തുക്കളാക്കി മാറ്റുകയാണ് ചെയ്യുന്നത്. യന്ത്രസംവിധാനമൊരുക്കി ഷ്രേഡിംഗ് |

| | |
|---|---|
| | യൂണിറ്റ് സജ്ജമാക്കുന്നതിന് 1381950/– രൂപയും ഹരിതകർമസേന അംഗങ്ങൾക്ക് വേതനമായി 477500/– രൂപയും നൽകിയിട്ടുണ്ട്. പഞ്ചായത്തിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കെല്ലാം നേതൃത്വം നൽകുന്നതിന് ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് ക്ലീൻ ചെറുതുരുത്തി എന്ന സൊസൈറ്റി രജിസ്റ്റര് ചെയ്ത് അതിൻറെ നിയന്ത്രണത്തിലാണഅ ഇത്തരത്തിലുള്ള കാര്യങ്ങളെല്ലാം നിർവ്വഹിച്ചുവരുന്നത്.<br>പഞ്ചായത്തിനു കീഴിൽ 42 പമ്പ് ഹൗസുകളും 8 വാട്ടർ ടാങ്കുകളും ഉണ്ട്. ഏകദേശം 5500 മീറ്ററോളം പൈപ്പ് ലൈനുകൾ നീട്ടി കുടിവെള്ളം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. മാർക്കറ്റിനുള്ളില് വാട്ടര് ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിച്ചിട്ടുണ്ട്. |

## ശുചിത്വം

കേരള പഞ്ചായത്തീരാജ് നിയമം, മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം അനിവാര്യ ചുമതലയായ ശുചിത്വമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ഖരദേരവ മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് കേന്ദ്ര സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിച്ചിട്ടുള്ള വിവധ ചട്ടങ്ങളും നിയമങ്ങളും നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതിനാണ് ശുചിത്വ മിഷൻ രൂപീകരിച്ചിട്ടുള്ളത്. ഇതിൻറെ ഭാഗമായി ശുചിത്വമാലിന്യ സംസ്കരണ പദ്ധതികളുടെ ആസൂത്രണം, തയ്യാറാക്കൽ, നിർവ്വഹണം, തുടർ പരിപാലനം, വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ (ഐ.ഇ.സി), ശേഷിവികസന പ്രർത്തനങ്ങൾ (കപ്പാസിറ്റി ബിൽഡിംഗ്) എന്നീ വിഷയങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനുള്ള ഏജൻസി ആയിട്ടാണ് ശുചിത്വ മിഷൻ പ്രവർത്തിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ശുചിത്വമാലിന്യ സംസ്കരണപദ്ധതികളുടെ നോഡൽ ഏജൻസിയായി 2008 മുതൽ തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ ശുചിത്വ മിഷൻ പ്രവർത്തിച്ചുവരുന്നു.

മാലിന്യമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിന് വേണ്ട ശുചിത്വ മാലിന്യ പരിപാലന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനാണ് ശുചിത്വ മിഷൻ നില കൊള്ളുന്നത്. സുരക്ഷിത മനുഷ്യ വിസർജ്ജ്യ നിർമാർജ്ജനം, ഖരദ്രവമാലിന്യ പരിപാലനം, കുടിവെള്ള ശുചിത്വം, വ്യക്തിഗതസാമൂഹ്യ സ്ഥാപന ശുചിത്വം പരിസര ശുചിത്വം ഇവയിൽ പൂർണ്ണ നേട്ടം കൈവരിക്കുക, ഈ നേട്ടങ്ങൾ എക്കാലവും നിലനിർത്തുക എന്നതാണ് ശുചിത്വ മിഷൻറെ ദൌത്യങ്ങൾ

നിർദ്ദേശങ്ങൾ

1. ശുചിത്വ മാലിന്യ സംസ്കരണ പ്രോജക്ടുകൾ പഞ്ചായത്തുകൾക്ക് വിദഗ്ദ ഉപദേശം നൽകൽ, പ്രോജക്ടുകളുടെ വിലയിരുത്തലും, പഠനവും, റിപ്പോർട്ടിംഗും

2. പഞ്ചായത്തുകൾ തയ്യാറാക്കുന്ന ഖരദ്രവമാലിന്യ സംസ്കരണ പ്രോജക്ടുകൾ പരിശോധിച്ച് സാങ്കേതിക അംഗീകാരവും, സാമ്പത്തിക സഹായവും നൽകൽ.

3. പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റിൽ നിന്നും, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും സാമ്പത്തിക വിഹിതം അനുവദിക്കൽ.

4. ശുചിത്വ മേഖലയിൽ പ്രവർത്തിക്കുന്ന ഇതര സ്ഥാപനങ്ങളും / വകുപ്പുകളുമായി പഞ്ചായത്തിനെ കൂട്ടിയോജിപ്പിക്കുക.

5. പൊതുജനങ്ങളിൽ ശുചിത്വബോധം സൃഷ്ടിച്ചുകൊണ്ട് വൃത്തിയും ശുചിത്വവുമുള്ള പരിസരം വീടുകളിലും, തൊഴിലിടങ്ങളിലും, പൊതുയിടങ്ങളിലും ഉറപ്പ് വരുത്തി ഗ്രാമപ്രദേശങ്ങളുടെ പരിസ്ഥിതി മെച്ചപ്പെടുത്തുക.

പ്രവർത്തന മേഖല

1. ഖരമാലിന്യ പരിപാലന പദ്ധതികൾ
2. ദ്രവമാലിന്യ പരിപാലന പദ്ധതികൾ
3. അപകടകരമായ മാലിന്യം / ഇ മാലിന്യ പരിപാലന പദ്ധതികൾ
4. ശൌചാലയ പദ്ധതികൾ
5. അറവ് മാലിന്യ പരിപാലന പദ്ധതികൾ
6. ആധുനിക വാതക ശ്മശാനം
7. മാലിന്യ കൂനകൾ നീക്കം ചെയ്യൽ
8. മഴക്കാലപൂർവ്വ ശുചീകരണ ക്യാമ്പയിൻ പ്രവർത്തനങ്ങൾ

## ഹരിതകർമ്മസേന

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങിലെ വീടുകളിലും, സ്ഥാപനങ്ങളിലും പൊതുയിടങ്ങളിലും രൂപപ്പെടുന്ന അജൈവ പാഴ്വസ്തുക്കൾ ശേഖരിച്ച് തരംതിരിച്ച് സംഭരിച്ച് പുനരുപയോഗത്തിനും പുന:ചംക്രമണത്തിനും കൈമാറുന്നതിനും മാലിന്യ സംസ്കരണം സംരംഭം മാതൃകയിൽ നട്പപിലാക്കുന്നതിനും വേണ്ടി ഹരിത കേരള മിഷൻറെ ഭാഗമായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ കുടുംബശ്രീയുടെ മേൽനോട്ടത്തിൽ രൂപം നൽകിയ സംവിധാനമാണ് ഹരിതകർമ്മസേന. വള്ളത്തോൾ നഗർഗ്രാമപഞ്ചായത്തിൽ 37 ഹരിതകർമ്മസേനാംഗങ്ങൾ നിലവിലുണ്ട്. അജൈവ പാഴ്വസ്തുക്കൾ ശേഖരിക്കുമ്പോൾ വീടികളിൽ നിന്നും (5രൂപ പ്രകാരം) സ്ഥാപനങ്ങളിൽ നിന്നും (100 രൂപ പ്രകാരം) ലഭിക്കുന്ന യൂസർ ഫീ, ശേഖരിച്ച പാഴ്വസ്തുക്കൾ വിൽക്ക്പപെടുമ്പോൾ ലഭിക്കുന്ന തുക തുടങ്ങിയവയിൽ നിന്ന് ലഭിക്കുന്ന തുകയാണ് ഹരിതകർമ്മസേനയുടെ പ്രധാന വരുമാനം. വരുമാനം കുറവുള്ള യൂണിറ്റുകൾക്ക് കുറവ് നികത്തുന്നതിന് സർക്കാർ ഉത്തരവ് പ്രകാരം വയബിലിറ്റി ഗ്യാപ് ഫണ്ട് പ്രയോജനപ്പെടുത്തുന്നുണ്ട്.

## മിനി എം.സി.എഫ്.

ഹരിതകർമ്മസേന ശേഖരിക്കുന്ന പാഴ്വസ്തുക്കൾ താത്കാലികമായി സംഭരിച്ചു വയ്ക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന ക്യാബിനുകളാണ് മിനി എം.സി.എഫ്. തൊഴിലുറപ്പ് പദ്ധതി മുഖേന എല്ലാ വാർഡിലും മിനി എം.സി.എഫ് സ്ഥാപിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

## എം.സി.എഫ്.

മിനി എം.സി.എപ് കളിൽ നിന്നും ശേഖരിക്കുന്ന പാഴ്വസ്തുക്കൾ രണ്ടാംഘട്ട മൂല്യ വർദ്ധിത തരം തിരിക്കലിന് വിധേയമാക്കുന്ന കേന്ദ്രങ്ങളാണ് എം.സി.എഫ് കള്. വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ 7- വാർഡിൽ ഒരു എം.സി.എഫ് 2015 മുതൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവിടെ ഹരിതകർമ്മസേനാംഗങ്ങൾ ശേഖരിച്ചുകൊണ്ടുവരുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സംഭരിക്കുകയും ചെയ്യുന്നു. ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക്കും റോഡ് ടാറിംഗ് ആവസ്യത്തിനായി

നൽകിവരുന്നുണ്ട്. ബി.എം.സി.എഫിൽ ആർ.ആർൽഎഫ് നോടനുബന്ധിച്ച് കെട്ടിടത്തിൽ ഷ്രെഡിംഗ് മെഷീനും ബെയിലിംഗ് മെഷീനും പ്രവർത്തിച്ചു വരുന്നു. കൂടാതെ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരമതിരിക്കുന്നതിനു മുമ്പും ശേഷവും തൂക്കം നോക്കുന്നതിനുള്ളസംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

# വഴിയിട വിശ്രമ കേന്ദ്രം

സംസ്ഥാന സർക്കാരിന്റെ സ്വപ്ന പദ്ധതിയാണ് ദീർഘദൂര യാത്രക്കാരായ സ്ത്രീകൾക്കും കുട്ടികൾക്കും വിശ്രമിക്കുന്നതിനും താമസിക്കുന്നതിനും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും വിഭാവനം ചെയ്ത വഴിയിട വിശ്രമ കേന്ദ്രം. വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ 50 ലക്ഷം രൂപ ചെലവഴിച്ച് കൊച്ചിൻ പാലത്തിന് സമീപവും കേരള കലാമണ്ഡലത്തിന് മുൻവശത്തും രണ്ട് വഴിയിട വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

## കുടുംബശ്രീ ജനകീയ ഹോട്ടൽ

കേരള സർക്കാരിൻറെ 2020-21 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുന്ന വിശപ്പുരഹിത പദ്ധതിയുടെ ബാഗമായി നടപ്പിലാക്കുന്ന കുടംബശ്രീ സംരംഭ പദ്ധതിയാണ് കുടുംബശ്രീ ജനകീയ ഹോട്ടലുകൾ പൊതുജനങ്ങൾക്ക് ന്യായവിലയിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്നതിന് പ്രാധാന്യ കൊടുത്തുകൊണ്ട് നടപ്പിലാക്കുന്ന ഈ പദ്ധതി പഞ്ചായത്തിൻറെയും, കുടുംബശ്രീയുടെയും, സിവിൽ സപ്ലൈകോയുടെയും കൂട്ടായ പ്രവർത്തനം വഴിയാണ് നടന്നു വരുന്നത്. 20 രൂപയ്ക്ക് ഭക്ഷണം ലഭ്യമാക്കുന്ന ന്യായവിലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംരംഭമാണ് ജനകീയ ഹോട്ടൽ.
18.09.2020 മുതൽ പഞ്ചായത്തിൻറെ ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് താത്കാലിക കെട്ടിടത്തിൽ വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് ജനകീയ ഹോട്ടൽ പ്രവർത്തിച്ചു വരുന്നു. പുതിയ കെട്ടിടം പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്ത് ആവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ (വൈദ്യുതി, വെള്ളം, കെട്ടിട സൌകര്യം) ഒരുക്കി നൽകുന്നതാണ്. ജില്ലാ മിഷൻ വഴി നൽകുന്ന 50000 രൂപ റിവോൾവിംഗ് ഫണ്ട് ലഭിക്കുന്നതിനുള്ള നടപടി നടന്നു വരുന്നു.
പഞ്ചായത്തിലെ കുടുംബശ്രീ അംഗങ്ങളിൽ നിന്നും തിരഞ്ഞെടുത്ത 5 അംഗങ്ങളാണ് ജനകീയ ഹോട്ടൽ നടത്തി വരുന്നത്. ഞായറാഴ്ചകളിൽ ഒഴികെ മറ്റെല്ലാ ദിവസങ്ങളിലും 12.05 PM മുതൽ 3 PM വരെയുള്ള സമയം ഇവിടെ നിന്നും 20 രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകിവരുന്നു. ഇത്തരത്തിൽ നൽകുന്ന ഉച്ചഭക്ഷണത്തിന് ഊൺ ഒന്നിന് 10 രൂപ വെച്ച് ജില്ലാ മിഷൻ വഴി സബ്സിഡിയും നൽകിവരുന്നു. എല്ലാ ദിവസത്തെയും വരവ് ചിലവ് കണക്കുകൾ സി.ഡി.എസ് അക്കൌണ്ടൻറിൻറെ സഹായത്തോടെ ജനകീയ ഹോട്ടൽ ഗ്രൂപ്പിൻറെ കൺവീനർ എഴുതി തയ്യാറാക്കുന്നു. മാസത്തിൽ ഒരിക്കൽ സി.ഡി.എസ് അക്കൌണ്ടൻറിൻറെ മേൽനോട്ടത്തിൽ ഈ കണക്കുകൾ പരിശോധിക്കുന്നു. ജനകീയ ഹോട്ടലിൻറെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിന് 10 പേരടങ്ങുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റിയും നിലവിലുണ്ട്. ഈ കമ്മിറ്റി 3 മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. താഴെ പറയുന്നതാണ് മോണിറ്ററിംഗ് കമ്മിറ്റിയുടെ ഘടന

1. ചെയർമാൻ പഞ്ചായത്ത് പ്രസിഡൻറ്
2. വർക്കിംഗ് ചെയർമാൻ ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
3. കൺവീനർ - അസിസ്റ്റൻറ് സെക്രട്ടറി
4. ജോയിൻറ് കൺവീനർ - സ്ഥലം എ.ഡി.എസ്. ചെയർപേഴ്സൺ

അംഗങ്ങൾ

1. സി.ഡി.എസ്. ചെയർപേഴ്സൺ
2. ഗ്രൂപ്പ് കൺവീനർ (ജനകീയ ഹോട്ടൽ)
3. ഹെൽത്ത് ഇൻസ്പെക്ടർ
4. സന്നദ്ധ പ്രവർത്തകർ -1
5. സംഘടന പ്രതിനിധി -1

ഇപ്പോൾ നല്ലനിലയിൽ ജനകീയ ഹോട്ടലിൻറെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## തൊഴിലുറപ്പ് പദ്ധതി

തൊഴിൽ ഇല്ലായ്മ മൂലം ദാരിദ്രം അനുഭവിക്കുന്ന പാവപ്പെട്ട ജനവിബാഗത്തിന് തൊവിൽ സ്ഥിരത ഉറപ്പ് വരുത്തുന്നതിന് 07.09.20025 ൽ ഇന്ത്യൻ പാർലമെൻറ് പാസാക്കിയ പദ്ധതിയാണ് മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 01.04.2008 ലാണ് ഈ പദ്ധതി വഴി രാജ്യത്ത് പ്രവർത്തികൾ ആരംഭിച്ചത്. അവിദഗ്ദ തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിൽ സുരക്ഷിതത്വം ലക്ഷ്യമാക്കിയിട്ടുള്ള ഈ പദ്ധതിയിൽ ഒരു കുടംബത്തിന് ഒരു സാമ്പത്തിക വർഷം 100 തൊഴിൽ ദിനങ്ങൾ സ്വന്തം നാട്ടിൽ ഉറപ്പ് നൽകുന്നു. അതോടൊപ്പം തന്നെ ഉൽപാദന വർദ്ധനവ്, സ്ഥിര ആസ്ഥി സൃഷ്ടിക്കുക, പരിസ്ഥിതി സംരക്ഷണം, ജീവിത നിലവാരം ഉയർത്തുക എന്നിവയും ലക്ഷ്യമിടുന്നു. ഈ പദ്ധതിയിൽ ഗ്രാമസഭകളുടെ വർദ്ധിച്ച പങ്കാളിത്തം കൂടാതെ സാമൂഹിക ആഡിറ്റിംഗ്, പങ്കാളിത്ത ആസൂത്രണം, നടത്തിപ്പിലും മേൽ നോട്ടത്തിലും തദ്ദേശ സ്ഥാപനങ്ങളുടെ വർദ്ധിച്ച ഉത്തരവാദിത്വം എന്നീ കാര്യങ്ങളാൽ ജനകീയ അടിത്തറ നിലവിൽ വരുന്നു. തൊഴിലിനുള്ള മൌലിക അവകാശവും, മിനിമം കൂലിയും, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനവും ഉറപ്പ നൽകുന്നു എന്ന സവിശേഷതയും ഈ പദ്ധതിയുടെ പ്രധാന ഗുണങ്ങലാണ്. ഈ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെയും ത്രിതല പഞ്ചായത്തുകളുടേയും പൊതുജനങ്ങളുടേയും സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത്. കൂടാതെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഒട്ടനവധി ചുമതലകളും ഉത്തരവാദിത്വങ്ങളും പാലിക്കേണ്ടവയായിട്ടുണ്ട്. തൊഴിലിനിടെ സംഭവിക്കുന്ന അപകടങ്ങൾക്ക് ചികിത്സാസഹായവും നൽകുന്ന രീതിയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. തൊഴിലിനിടയിൽ ഉണ്ടാകുന്ന മരണത്തിന് 25000 രൂപ ധനസഹായവും ഈ പദ്ധതി വഴി ഉറപ്പ നൽകുന്നു. തൊഴിൽ സ്ഥലങ്ങളിൽ കുട്ടികളെ പരിചരിക്കുന്നതിന് സൌകര്യം, കുടിവെള്ളം, പ്രാഥമിക ചികിത്സക്കായുള്ള മരുന്നുകളുടെ സജ്ജീകരണം, ജോലിയുടെ മോണിറ്ററിംഗ് എന്നിവയും സംസ്ഥാനത്തിൻറെ ചുമതലകളിൽപെടുന്നവയാണ്. ജനറൽ

വിഭാഗത്തിൽപെട്ടവർക്കും പട്ടികജാതി വിഭാഗത്തിൽപെട്ടവർക്കും ഈ പദ്ധതി വഴി 100 തോഴിൽ ദിനങ്ങളും ഓരോ തൊഴിൽദിനത്തിനും 291 രൂപ വേതനവുമാണ് നിലവിൽ ലഭിച്ചു വരുന്നത്. എന്നാൽ പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് ഒരു സാമ്പത്തിക വർഷം 150 തൊഴിൽ ദിനങ്ങൾ ലഭിച്ചുവരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം 0000 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കും പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്കും ഉൾപ്പെടെ ആകെ 000 അംഗങ്ങൾക്കായി 0000000 തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം പഞ്ചായത്തിൽ 00000 ലക്ഷം രൂപയാണ് തൊഴിലുറപ്പ് പദ്ധതി വഴി ചിലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. കഴിഞ്ഞ സാമ്പത്തിക വർഷെ പട്ടികജാതി വിഭാഗത്തിൽപെട്ട 000 പേരും പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട 00 പേരും 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ചു.

ഈ പദ്ധതി വഴി വൃക്ഷസൈ നടൽ, മഴക്കുഴി നിർമ്മാണം, മണ്ണ്, ജല സംരക്ഷണം, ഭൂവികസനം, കുളം നിർമ്മാണം, കുളങ്ങളുടെ പുനരുദ്ധാരണം, ചെക്ക്ഡാം നിർമ്മാണം, മുളകൃഷി, ആട്ടിൻകൂട് നിർമ്മാണം, തൊഴുത്ത് നിർമ്മാണം, അഴുക്കുചാൽ നിർമ്മാണം, തോട്ടുകളുടെ ആഴം കൂട്ടി കയർ ഭൂവസ്ത്രം സ്ഥാപിക്കൽ, സോക്പിറ്റ് നിർമ്മാണം, കമ്പോസ്റ്റ് നിർമ്മാണം, തീറ്റപുൽകൃഷി, കോഴിക്കൂട് നിർമ്മാണം, കിണർ നിർമ്മാണം, കിണർ റീചാർജിംഗ് എന്നിവയും നടപ്പിലാക്കുന്നു. കൂടാതെ അതിവിദഗ്ദ തൊഴിലാളികളെ വേതനത്തോടൊപ്പം തൊഴിൽ പരിശീലനം നൽകി വിദഗ്ദ തൊഴിലാളികളാക്കി മാറ്റുന്ന പ്രവർത്തികളും പഞ്ചായത്തിൽ നല്ലനിലയിൽ നടന്നുവരുന്നു. പഞ്ചായത്തിലെ യുവജനങ്ങളുടെ കായിക പരിശീലന സൌകര്യം വർദ്ധിപ്പിക്കുന്നതിന് വേണ്ടി വിവിധ പ്രദേശങ്ങളിൽ ഷട്ടിൽ കോർട്ട്, വോളിബോൾ കോർട്ട് എന്നിവയും ഈ പദ്ധതി വഴി നടപ്പിലാക്കി വരുന്നു. നല്ല നിലയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ നടന്നു വരുന്നു.

## ബാലസഭ

വിവിധ വാർഡുകളിലായി 18 യൂണിറ്റുകൾ പഞ്ചായത്തിൽ ഉണ്ട്. 5 മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളെ ഉൾപ്പെടുത്തിയിട്ടുള്ള ഇത്തരം ബാലസഭ യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുത്ത 30 പേർക്ക് ഫുട്ബോൾ പരിശീലനം നൽകി വരുന്നു. ഇവരുടെ കലാകായിക വാസനകൾവികസിപ്പിക്കാനാവശ്യമായ വിവിധ പദ്ധതികളും സി.ഡി.എസ് ൻറെആഭിമുഖ്യത്തിൽനടന്നു വരുന്നു.

# ആരോഗ്യം

| അന്ന് | ഇന്ന് |
|---|---|
| കേരളത്തിൽ പൊതുമരണനിരക്ക് 5.9 ആണ്. നമുടെ പഞ്ചായത്തിലേത് 7.01 ആകുന്നു. അതിനുള്ള കാരണങ്ങൾ ജലജന്യരോഗങ്ങൾ, ആഹാരത്തിലെ പോഷകകുറവ്, ഭക്ഷ്യവസ്തുക്കളിലെ മാലിന്യം തുടങ്ങിയവ ആകുന്നു. പബ്ലിക് ഹെൽത്ത് സെൻറര് 1989 ല് ആരംഭിച്ചതാണ്. പഞ്ചായത്തിൻറെ ഏതാണ്ട് മധ്യഭാഗത്ത് 6- വാർഡില് സ്ഥിതിചെയ്യുന്നത്. രണ്ട് മുതൽ നാല് കി.മീ വരെ ദൂരം സഞ്ചരിച്ചാൽ മാത്രമേ ചില വാർഡുകളിലുള്ള രോഗികൾക്ക് ഇവിടെ എത്താൻ നിവൃത്തിയുള്ളൂ. സബ് സെൻററുകളുടെ സ്ഥാപനം ഒരു പരിമിതിയാണ്. നിലവിലുള്ള 3 കുടുംബക്ഷേമകേന്ദ്രങ്ങൾക്ക് പുറമെ പന്നിയടി, പള്ളിക്കൽ, അത്തിക്കപറമ്പ് എന്നിവിടങ്ങളിൽ ഓരോ കുടുംബക്ഷേമ കേന്ദ്രങ്ങൾകൂടി സ്ഥാപിക്കേണ്ടത് അനുപേക്ഷണീയമാണ്. കൊച്ചിൻപാലത്തിന് സമീപം പഞ്ചകർമ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടെങ്കിലും ഒപിയും ഐ പി യു◌െ മരടിച്ച നിലയിലാണ്. | മഹാമാരിയുടെ കാലത്ത് ലോകം അഭിനന്ദിച്ച വിജയകരമായ പ്രതിരോധ പ്രവർത്തനം നടത്താന് കേരളത്തിന് സാധ്യമായത് ആരോഗ്യമേഖലയിലുണ്ടാക്കിയെടുത്ത മികവിൻറെ ഭാഗമായിട്ടാണ്. സർക്കാരിൻറെ ആർദ്രം പദ്ധതിയുമായി യോജിച്ച് നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിന് കീഴിലുള്ള അലോപ്പതി, ആയുർവേദ, ഹോമിയോ ആരോഗ്യകേന്ദ്രങ്ങളെ മെച്ചപ്പെടുത്താന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇവിടെ എത്തുന്ന രോഗികൾക്ക് കൂടുതൽ സൗകര്യം ഒരുക്കുന്നതിന് വേണ്ടി 1390407/- രൂപ വിനിയോഗിച്ചുള്ള നവീകരണ വിപുലീകരണ പ്രവർത്തനങ്ങളാണ് ഈ കാലയളവിൽ പഞ്ചായത്ത് നടത്തിയിട്ടുള്ളത്.<br>കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയതിനെ തുടർന്ന് നിലവിലുള്ള ഡോക്ടർക്ക് പുറമേ ഒരു അധിക ഡോക്ടറുടെ സേവനം കൂടി നമുക്ക് ലഭ്യമായിട്ടുണ്ട്. ആവശ്യമായ മരുന്നുകളെല്ലാം മുടക്കമില്ലാതെ പഞ്ചായത്ത് വാങ്ങി നൽകിയിട്ടുണ്ട്. മരുന്ന് വാങ്ങുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കുമായി 6220811/- രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. ഇതിൻറെ ഭാഗമായി ആശുപത്രിയിലെത്തുന്ന എല്ലാ രോഗികൾക്കും സൗജന്യമായി മരുന്നുകൾ നൽകാന് കഴിഞ്ഞിട്ടുണ്ട്. ജീവിതശൈലി രോഗനിർണ്ണയത്തിനായി പ്രത്യേക ക്ലിനിക്കും മരുന്നു വിതരണവും കുടുബാരോഗ്യാ കേന്ദ്രത്തിൻറെ ഭാഗമായി നടത്തിവരുന്നുണ്ട്.<br>കാന്സർ, കിഡ്നി സംബന്ധമായ അസുഖം എന്നീ മാരകരോഗങ്ങൾ തുടക്കത്തിലേ കണ്ടെത്തുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും വേണ്ടി പ്രത്യേക രോഗനിർണ്ണയക്യാമ്പ് സംഘടിപ്പിക്കാറുണ്ട്. ക്യാമ്പുകളിൽ രോഗലക്ഷണങ്ങൾ കണ്ടെത്തിയവർക്ക് തുടർചികിത്സക്കാവശ്യമായ ഇടപെടലുകളും നടത്തിയിട്ടുണ്ട്.<br><br>സാമാന്യം സൗകര്യത്തോടുകൂടിയ **പ്രാഥമികാരോഗ്യകേന്ദ്രവും** വെട്ടിക്കാട്ടിരി സബ് സെൻററും പ്രവർത്തിച്ചുവരുന്നു.രണ്ട് മെഡിക്കൽ ഓഫീസർമാരും ഒരു ഹെൽത്ത് ഇൻസ്പെക്ടറും 6 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും , രണ്ട് ജീനിയർ പബ്ലിക് നേഴ്സും, ഒരു സ്റ്റാഫ് നഴ്സ്, ഒരു നഴ്സിംഗ് അസിസ്റ്റൻറ്, ഒരു ഫാർമസിസ്റ്റും, ഒു ക്ലർക്കും, ഒരു അറ്റൻററും, ആശആവർക്കർമാരും ഉൾപ്പെടുന്ന ഒരു വിപുലമായ സംവിധാനം നിലവിലുണ്ട്. പി.എച്ച്.സി അുബന്ധ സൗകര്യങ്ങൾ എല്ലാം പരിഹരിച്ചിട്ടുണ്ട്. ആരോഗ്യകേന്ദ്രം വഴി ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ പ്രതിരോധ കുട്ടിവെപ്പുകൾ നൽകി വരുന്നുണ്ട്. നമുടെ പഞ്ചായത്തിൽ നിലനിന്നിരുന്ന കോവിഡ്19 പ്രതിരോധത്തിന് |

| | |
|---|---|
| | ആരോഗ്യപ്രവർത്തകരും ആശാ പ്രവർത്തകരും ജാഗ്രതയോടെയുള്ള പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. എല്ലാ ദിവസവും പാലിയേറ്റീവ് രോഗികൾക്ക് മരുന്നുകള് ലഭിക്കുന്നതിനും രോഗീപരിചരണത്തിനുമുള്ള അവസരം ആരോഗ്യകേന്ദ്രം വഴി നടത്തിവരുന്നു. പാലിയേറ്റീവ് രോഗികൾക്ക് ആവശ്യമായി വരുന്ന എയർബെഡ്, വാട്ടർബെഡ്, വാക്കിംഗ് സ്ററിക്ക് എന്നിവ പോലുള്ള ഉപകരണങ്ങളും , കാൻസർരോഗികൾക്കും കിഡ്നി രോഗികൾക്കും അവരെ പരിചരിക്കുന്നവർക്കും പെൻഷന് ലഭിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ചെയ്തുവരുന്നുണ്ട്. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിലെ മുഴവൻ കിടപ്പുരോഗികൾക്കും വീടുകളില് എത്തി രണ്ട് ഡോസ് പ്രതിരോധ വാക്സിൻ നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. ആരോഗ്യമേഖലയിൽ സന്നദ്ധപ്രവർത്തകരമായ ആർ.ആർ.ടി മാരുടെ സേവനം മാതൃകയാകുന്ന മഹനീയ പ്രവർത്തനമാകുന്നു.പി എച്ച് സിയിലേക്ക് മരുന്ന് വാങ്ങൽ, കിഡ്നി രോഗികൾക്ക് മരുന്ന് വാങ്ങൽ, ദൈനംദിന നടത്തിപ്പ് ചെലവ്, പെയിൻ ആൻറ് പാലിയേറ്റീവ് , എന്നിവ പദ്ധതികൾ മെഡിക്കൽഓഫീസര് പി എച്ച്സി വഴി എല്ലാവർഷവും നടപ്പിലാക്കി വരുന്നു.<br><br>**ഗവ.ആയുർവേദ ഡിസ്പെൻസറി** വഴി എല്ലാ വർഷവും 600000/- രൂപയുടെ മരുന്ന് വാങ്ങി വിതരണം ചെയ്യുന്നുണ്ട്. ആയുർവേദ ഡിസ്പെൻസറി പഞ്ചായത്ത് പരിധിയിലുള്ള പുതിയ കെട്ടിടത്തിലേക്ക് മാറ്റിയത് ജനങ്ങൾക്ക് ഏറെ ഉപകാരപ്രമായിട്ടുണ്ട്.<br>**ഗവ.ഹോമിയോ ഡിസ്പെൻസറി** വഴി 500000/- രൂപ യുടെ മരുന്ന് എല്ലാ വർഷവും ജനങ്ങളുടെ ആവശ്യമനുസരിച്ച് വിതരണം ചെയ്യാൻ സാധിച്ചുപോരുന്നുണ്ട്. ഹോമിയോ ഡിസ്പെൻസറിയിലേക്ക് ജനങ്ങൾക്ക് എത്തിച്ചേരാൻ വളരെബുദ്ധിമുട്ടായതിനാല് പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള ആലോചനകൾ നടന്നുവരുന്നു. ആയത് പ്രാവർത്തികമായാല് കുറെയധികം ജനങ്ങൾക്ക് പ്രയോജനമാകും.<br><br>നിംസ് ഹോസിപ്പറ്റൽ 24*7 മണിക്കൂറും കാഷ്വാലിറ്റിയോട്ടുകൂടി പ്രവർത്തനസജ്ജമായ പഞ്ചായത്ത് പരിധിയിലുള്ള പ്രൈവറ്റ് ഹോസ്പിറ്റലാണ്. കിടത്തിചികിത്സയും ഈ ഹോസ്പിറ്റലിൽ നടന്നുവരുന്നു. 50 ലധികം ബെഡുകളുള്ള സ്ഥാപനമാണ്.<br><br>പി.എൻ.എൻ.എം. ആയുർവേദ മെഡിക്കല് കോളേജ് നമുടെ പഞ്ചായത്തിൻറെ മറ്റൊരു പ്രത്യേകതയാണ്.<br>ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പഞ്ചകർമ്മ എന്ന സ്ഥാപനം ഒ.പി യും ഐ പിയുമായി നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കിടത്തി ചികിത്സയും ഉണ്ട്. |

# ആശാവർക്കർമാര്

| ആശാവർക്കർമാരുടെ വിവരങ്ങൾ | | | |
|---|---|---|---|
| ക്രമ നം | പേര് | വാർഡ് | ഫോൺ നമ്പര് |
| 1 | ശാന്തകുമാരി | 2 | 9207285845 |
| 2 | പ്രീജ | 3 | 9747136195 |
| 3 | വസന്തകുമാരി | 4 | 9496166711 |
| 4 | വത്സല | 5 | 9605442486 |
| 5 | സാജിത | 6 | 9947647163 |
| 6 | സുജാത | 7 | 9526388914 |
| 7 | കദീജ | 8 | 9747683881 |
| 8 | രാധാദേവി | 9 | 9847433815 |
| 9 | വിജയശ്രീ | 9 | 9747684225 |
| 10 | ഐഷ | 10 | 9947544293 |
| 11 | സുമംഗല | 11 | 9745393643 |
| 12 | കാർത്ത്യായനി | 1 | 9961466424 |
| 13 | പുഷ്പ | 12 | 9562488161 |
| 14 | നൂർജഹാന് | 13 | 9947885783 |
| 15 | പ്രീത | 15 | 9048557832 |
| 16 | ഇന്ദിര | 15 | 9048769635 |
| 17 | ഫാത്തിമ | 16 | 9567516749 |
| 18 | കമലാവതി | 16 | 8861989869 |

# വ്യവസായം

| അന്ന് | ഇന്ന് |
| --- | --- |
| വള്ളത്തോള്നഗർ ഗ്രാമപഞ്ചായത്ത് വ്യാവസായികമായി യാതൊരു പുരോഗതിയും ഇല്ലാത്ത പഞ്ചായത്താണ്.ഭൂരിഭാഗം ജനങ്ങളും കാർഷികമേഖലയിലാണ് പണിയെടുക്കുന്നത്. എസ്എസ്ഐ രജിസ്ട്രേഷന് ഉള്ള നാല്പ്പതോളം യൂണിറ്റുകള് ഈ പഞ്ടായത്തില്ർ പ്രവർത്തിക്കുന്നുണ്ടെങ്കിലുംകാര്യക്ഷമമായി പ്രവർത്തിക്കുന്നവ വളരെ കുറവാണ്പരമ്പരാഗത വ്യവസായമായ മണ്പാത്ര നിർമ്മാണം, പപ്പടനിർമ്മാണം, കൊട്ടനെയ്ത്ത്എന്നീ മേഖലയില് പമിയെടുത്ത് ജീവിക്കുന്നവരുടെ എണ്ണം വളരെകുറവാണ്.ഖാദി ഗ്രാമ വ്യവസായബോർഡിന് കീഴില് പ്രവർത്തിക്കുന്ന ഒരു നൂല്നൂല്പ്പ കേന്ദ്രം ഈ പ്രദേശത്തുണ്ട്.സ്റ്റീല്ഫർണീച്ചർ നിർമ്മാണം, വാഹനങ്ങളുടെ ബോഡി നിർമ്മാണം, ഗേറ്റ്, ഗ്രില് മുതലായവ നിർമ്മിക്കുന്ന സ്ഥാപനം, തടി വ്യവസായം, ചെരുപ്പ ന്ര്മ്മാണം, തയ്യല് കേന്ദ്രം, ഫയല്നിർമ്മാണം, തീപ്പെട്ടികൊള്ളി നിർമ്മാണം, ആധുനികരീതിയിലുള്ള നെല്ലുകുത്തു കേന്ദ്രം, ഇലക്ട്രോണിക്സ് ഉപകരണ നിർമ്മാണം എന്നിവയാണ് പഞ്ചായത്ത് മേഖലയില്ലിലവിലുള്ള പ്രധാനപ്പെട്ട ഉല്പ്പാദന മേഖലകള്. വ്യവസായ വികസനം ജനപങ്കാളിത്തത്തോടെ സാധ്യമാകുന്ന ഒരു കാര്യമാണ്. വിജയസാദ്ധ്യത യുള്ള സംരംഭങ്ങള് തിരിച്ചറിയുന്നതിനും, അതിന് പരിശീലനവും, മാർഗ്ഗനിർദ്ദേശവും, സഹായവും നല്കാന് കഴിയുന്ന ഒരു ഏജന്സി പഞ്ചായത്ത് തലത്തില് പ്രവർത്തിക്കുന്നത് അഭികാമ്യമായിരിക്കും. | കഴിഞ്ഞ 25 വർഷത്തിനുള്ളില് വ്യവസായ രംഗത്ത് കാര്യമായ പുരോഗതിയൊന്നും ഉണ്ടായിട്ടില്ല.വ്യവസായ രംഗത്ത് പുതിയ പദ്ധതികള് ആരംഭിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. അതുവഴി തൊഴിലില്ലായ്മയ്ക്കുപരിഹാരമാകുന്നതോടൊപ്പം, സാമ്പത്തിക വളർച്ച ശക്തിപ്പെടുത്തുന്നതിനും കഴിയും. കാർഷിക മേഖലക്ക് പ്രാധാന്യം ഉള്ള ഒരു പഞ്ചായത്താണ് വള്ളത്തോള്നഗർ എങ്കിലും കാലഘട്ടത്തിന്റെ മാറ്റങ്ങള്ക്കനുസരിച്ച് പലരും കാർഷികമേഖലയില് നിന്നും മാറുന്നത് നമ്മള് കാണാതിരുന്നുകൂട. അത്കൊണ്ടു തന്നെ പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചക്ക് വ്യവസായ മേഖലയുടെ വളർച്ച അത്യന്താപേക്ഷിതമാണ്. സംരഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധപദ്ധതികള് വ്യവസായ വാണിജ്യ വകുപ്പ് നടപ്പിലാക്കി വരുന്നു.സംരംഭകത്വ ബോധവത്കരണസെമിനാറുകള്,പരിശീലനങ്ങള്, എല്ലിവ നടത്തിവരുന്നു. വിവിധവകുപ്പുകളെ ഏകോപിപ്പിച്ച് ഒരു സംരഭകത്തിനാവശ്യമായ എല്ലാ ലൈസന്സുകളും, ക്ലിയർനസും ഏകജാലക സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് കെസ്വിഫ്റ്റ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇവയെല്ലാം പ്രയോജനപ്പെടുത്തിയാല് പഞ്ചായത്ത് തലത്തില്ർ വ്യവസായിക പുരോഗതി കൈവരിക്കാന് കഴിയും. |

| പൊതുമരാമത്ത് ഊർജ്ജം | |
|---|---|
| **അന്ന്** | **ഇന്ന്** |
| വ്യാവസായിക വളർച്ച ആരംഭിക്കുന്നതിന് മുമ്പ് പ്രകൃതിദത്തമായ ഊർജ്ജസ്രോതസ്സുകളെ ആശ്രയിച്ചാണ് മനുഷ്യൻ ജീവിച്ചിരുന്നത്. പാചകആവശ്യങ്ങൾക്ക് വിറകിന് പുറമേ ഉണക്കിയ ചാണകവും ജലസേചനത്തിനും നിലം ഉഴുന്നതിനും മൃഗങ്ങളേയും ഉപയോഗിച്ചിരുന്നു.. അന്ന് പഞ്ചായത്തിൽ 4567 വീടുകളില് 3528 വീടുകള് മാത്രമേ അന്ന് വൈദ്യുതീകരിച്ച വീടുകൾ ആയി ഉണ്ടായിരുന്നുള്ളൂ. 41 പട്ടികജാതി കോളനികളിലാകട്ടെ 4 എണ്ണം ആണ് വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ടായിരുന്നത്.<br>പ്രധാനപ്പെട്ട ഊർജ്ജമായ വൈദ്യുതി വാണിജ്യം, കൃഷി, കാർഷികാവശ്യങ്ങള് എന്നിവക്കായി ഉപയോഗിക്കുന്നു.<br>നമ്മുടെ പഞ്ചായത്തിൽ 14 ട്രാൻസ്ഫോർമറുകള് അന്ന് ഉണ്ടായിരുന്നു. എന്നിരുന്നാലും മുഴുവൻ ഉപഭോക്താക്കൾക്കും വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്ന ഒരവസ്ഥയാണ് അന്നുണ്ടായിരുന്നത്. കൂടാതെ അപ്രഖ്യാപിത പവർകെട്ടും ഉണ്ടായിരുന്നു.<br><br>21099 പേര് തിങ്ങിപാർക്കുന്ന ഈ പഞ്ചായത്തിൽ ജനസംഖ്യുടെ 14.098 ടാര് റോഡും 6.835 കി.മീ മെറ്റൽറോഡും 32.631 കി.മീ മണ്ണ് റോഡുമാണ് ഉള്ളത്. മൊത്തമായി 53.564 കി.മീ റോഡ്. പലറോഡിലും സാമ്പത്തിക പരാധീനതമൂലം കാലാകാലങ്ങളിൽ അറ്റകുറ്റപണികള് നടത്താൻ കഴിയാറില്ല. ഭൂപ്രകൃതിയാൽ കുന്നും മലകളും പുഴയും സമതലങ്ങളും എല്ലാ നിറഞ്ഞ ഒരു പഞ്ചായത്തായതിനാൽ വർഷക്കാലത്ത് ഒലിച്ചുവരുന്ന വെള്ളത്തിൻറെ ഗതി , തീവ്രത എന്നിനവ കണക്കിലെടുത്ത് റോഡുകൾക്ക് കേടുവരുത്താതെ വെള്ളം ഒഴിഞ്ഞുപോകുന്നതിനുള്ള കലുങ്ക്, നിലംപതി എന്നിവയും പലറോഡുകൾക്കും ഇല്ല. കൂടാതെ ആവശ്യത്തിന് കീഴിറക്കം നോക്കി കനാകളും കൊട്ടക്കേണഅടതാണ്. | നമുടെ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ റോഡുകളും പ്രകാശപൂരിതമാക്കാൻ സാധ്യമായിട്ടുണ്ട് നമുക്ക്. ഇതിനായി സ്ട്രീറ്റ് ലൈറ്റ് മെയിൻറൻസ് നടത്താന് 959765/- രൂപയാണ് ഈ ചെലവഴിച്ചിട്ടുള്ളത്. സർക്കാരിൻറെ ഏറ്റവും പുതിയ പദ്ധതിയായ നിലാവ് പദ്ധതി വൈദ്യുതി ഉപയോഗവും അതിനുവേണ്ടിയുള്ള ചിലവും കുറക്കുന്നതിനും കൂടുതൽ പ്രകാശം ലഭിക്കുന്നതിനും വേണ്ടി നിലവിലുള്ള മറ്റിതര ലൈറ്റുകളെല്ലാം ഒഴിവാക്കി എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിയാണിത്. എന്നാൽ ഈ പദ്ധതി വരുന്നതിന് മുമ്പ് തന്നെ നമുടെ പഞ്ചായത്തിലെ വഴിവിളക്കുകളെല്ലാം എൽ.ഇ.ഡി ആക്കുന്നതിന് വേണ്ടി 1871275/- രൂപ ചെലവഴിച്ച് 2300 പുതിയ എൽ.ഇ.ഡി ലൈറ്റുകൾ ഇക്കാലയളവില് സ്ഥാപിച്ചിട്ടുണ്ട്. ഇതോടൊപ്പം 1441305 രൂപ വിനിയോഗിച്ച് പുതുശ്ശേരി സ്കൂൾ, പുതുശ്ശേരി ലക്ഷംവീട്, പള്ളിക്കൽ കടവത്തൊടി പ്രദേശം, ചെറുതുരുത്തി നെടുമ്പുര റോഡ് ജംഗ്ഷന്, ഇരട്ടകുളം കനാൽ പരിസരം എന്നിവിടിങ്ങളില് സോളാർപാനല് ഉപയോഗിച്ച് പ്രവർത്തിക്കുന്ന മിനിമാസ്റ്റ് ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. സ്ട്രീറ്റ് ലൈന ഇല്ലാതിരുന്ന വിവിധ ഇടങ്ങഅങ്ങളിൽ 1107055/- രൂപ വിനിയോഗിച്ച് പുതിയ സ്ട്രീറ്റ് ലൈനുകൾ വലിക്കുന്നതിനും ഈ കാലയളവിൽ കഴിഞ്ഞിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ പഞ്ചായത്തിലെ റോഡുകളിലെല്ലാം രാത്രിയായാൽ നിലാവ് പരന്നൊഴുകുന്ന അവസ്ഥയിലേക്ക് മാറ്റാൻ നമുക്കായിട്ടുണ്ട്. ഇതിനുപുറമെ വെട്ടിക്കാട്ടിരി പാഞ്ഞാൾറോഡ് സെൻററിലും കലാമണ്ഡലത്തിന് മുൻവശത്തും എം.എൽ.എയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് വെട്ടിക്കാട്ടിരി പരിസരത്തും ചെറുതുരുത്തി ഹൈസ്കൂളിനു മുൻവശത്തും ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളത് നമുക്കൊരു മുതൽക്കൂട്ടാണ്.<br><br>പഞ്ചായത്ത് ഓഫീസ് പ്രവർത്തനം പൂർണ്ണമായി സോളാർപാനല് ഉപയോഗിച്ചിട്ടുള്ള വൈദ്യുതിയിലേക്ക് മാറ്റുന്നതിന് നമുക്കായിട്ടുണ്ട്.<br>മറ്റൊരു പ്രധാന നേട്ടമാണ് ടൂറിസം കോംപ്ലക്സ് നവീകരണം ഇവിടെയെത്തുന്ന സഞ്ചാരികൾക്കും മറ്റു അതിഥികൾക്കും ചുരുങ്ങിയ ചിലവില് താമസിക്കുന്നതിനുള്ള സൗകര്യമാണ് ഇവിടെയുള്ളത്. അതോടൊപ്പം ദീർഘദൂര യാത്രക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് ഇടത്താവളമായി വിശ്രമിക്കുന്നതിനും കുളിച്ച് വസ്ത്രം മാറ്റുന്നതിനുമുള്ള ഫ്രെഷ്അപ്പ് സെൻറര് ആയും ഇതിനെ പ്രയോജനപ്പെടുത്താവുന്നതാണ്. ഭാരതപ്പുഴയുടെ തീരത്ത് തലയുയർത്തി നിൽക്കുന്ന അതിമനോഹരമായ ഈ സ്ഥാപനം നമുടെ |

പഞ്ചായത്തിന് ഒരു മുതൽക്കൂട്ടാണ്. ഗ്രാമപഞ്ചായത്തിൻറെ നേതൃത്വത്തില് അതിഥി മന്ദിരം പ്രവർത്തിക്കുന്ന കേരളത്തിലെ ഏക പഞ്ചായത്തായിരിക്കും നമുടേത്.
ഇതിനു പുറമേ ഗവ.എൽ.പി സ്കൂളിന് കിഫ്ബി പദ്ധതിയിൽ നിന്ന് ഒരു കോടി രൂപ, എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് 50 ലക്ഷം രൂപ പുതുശ്ശേരിയിലെ പൊതു ശ്മശാനം നവീകരിച്ച് ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് കിഫ്ബിയില് നിന്ന് ഒരു കോടി 24 ലക്ഷം രൂപ, കൊച്ചിന് പാലത്തിന് സമീപം ആധുനിക രീതിയിലുള്ള ടാക്സി സ്റ്റാൻറും ഇ ടോയ് ലെറ്റും നിർമ്മിക്കുന്നതിന് 47 ലക്ഷം രൂപ , പുതുശ്ശേരി കമ്പനിപടി പരിസരത്തെ കുടിവെള്ളപദ്ധതിക്ക് 27 ലക്ഷം രൂപ, കുടുംബാരോഗ്യകേന്ദ്രവിപുലീകരണത്തിന് 15 ലക്ഷം രൂപ, വെട്ടിക്കാട്ടിരി സ്കൂൾ, ചെറുതുരുത്തി ഹൈസ്കൂളിന മുൻവശം എന്നിവിടങ്ങളില് ഹൈമാസ്റ്റ് ലൈറ്റ്, 24 അംഗനവാടികൾക്കും ടെലിവിഷൻ, ചെറുതുരുത്തി സെൻററിലെ നടപ്പാത എന്നിവയും നമുക്ക് പൂർത്തീകരിക്കാന് സാധിച്ചിട്ടുണ്ട്.

പൊതുമരാമത്ത്മേഖലയില് കഴിഞ്ഞ 25 വർഷക്കാലത്തെ ജനപങ്കാളിത്ത പ്രവർത്തനങ്ങള് വഴി അഭിനന്ദനീയമായ പുരോഗതിയാണ് കൈവരിക്കാൻ കഴിഞ്ഞികരിക്കുന്നത്. ഭൂരിഭാഗം പ്രദേശങ്ങളിലും നടപ്പിലാക്കിയ റോഡ് നിർമ്മാണവും, കലിങ്ക് നിർമ്മാമവും, കാന നിർമ്മാണവും വഴി പഞ്ചായത്തിൻറെ മുഖച്ചായ മാറ്റുന്ന അവസ്ഥ കൈവരിക്കാൻ പൊതുമരാമത്ത് മേഖലയില് കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ ഒട്ടുമിക്ക റോഡുകളുടേയും പണി പൂർത്തീകരിക്കാന് ഇതിനകം നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആവശ്യമായ സ്ഥലങ്ങളിലെല്ലാം പാലങ്ങളും, കലിങ്കുകളും നിർമ്മിച്ചത് മൂലം ഭൂരിഭാഗം പ്രദേശത്തും വാഹന ഗതാഗതം ഇന്ന് സാധ്യമാണ്.

പഞ്ചായത്തിലെ മുഴുവന് പ്രദേശങ്ങൾക്കും വോൾട്ടേജ് ലഭ്യത ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോട് കൂടി ആവശ്യമായ സ്ഥലങ്ങളിലെല്ലാം ട്രാൻസ്ഫോർമറുകള് സ്ഥാപിക്കുന്നതിനും ഇതിനകം കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല പല സ്ഥലങ്ങളിലും ഉപഭോക്താക്കളുടെ എണ്ണത്തിൽ വൻവർദ്ധനവ് പരിഗണിച്ച് സിംഗിൾഫേസ് ലൈൻമാറ്റി ത്രീഫേസ് ലൈന് ആക്കി മാറ്റി സ്ഥാപിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം നിളാനദീതീരത്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ പൊതു ശൗചാലയം പൂർത്തീകരിക്കുന്നതിന് 2020-21 സാമ്പത്തികവർഷം കഴിഞ്ഞിട്ടുണ്ട്. വെട്ടിക്കാട്ടിരി ബസ് സ്റ്റോപ്പിന് അടുത്തും ഒരു പൊതുശൗചാലയം പണി പൂർത്തിയായി ഉദ്ഘാടനവേളയിലേക്ക് കടക്കുകയാണ്.

സംസ്ഥാന സർക്കാരിൻറെ ഇനി ഞാന് ഒഴുകട്ടെ എന്ന പ്രത്യേക പദ്ധതി പ്രകാരം ഉൽപാദനമേഖലയുടെ സംരക്ഷണം ലക്ഷ്യമിട്ട് കൊണ്ട് നിരവധി തോട്ടുകൾ ആഴം കൂട്ടി സൈഡ്കെട്ടി സംരക്ഷണം ഉറപ്പാക്കി ആവശ്യമായ സ്ഥലങ്ങളിൽ ചീർപ്പുകള് സ്ഥാപിക്കുന്നതിനും ഇതിനകം കഴിഞ്ഞിട്ടുണ്ട്

പൊതു ജനങ്ങൾക്കായി പബ്ലിക് ലൈബ്രറി സ്ഥാപിക്കുന്നതിന് ഈ കാലയളവിൽ നമുക്ക് സാധിച്ചിട്ടുണ്ട്.

| പാർപ്പിടം | |
|---|---|
| **അന്ന്** | **ഇന്ന്** |
| നാട്ടിൽനിലനിന്ന് വന്നിരുന്ന കൂട്ടുകുടംബ വ്യവസ്ഥിതി 1996ന് മുന്നേ തന്നെ നാമവശേഷമായിരുന്നു. അത്കൊണ്ട് തന്നെ വീടുകളുടെ ആവശ്യകത വർദ്ധിച്ചുവന്നു. പഞ്ചായത്തിൽ അന്ന് ഉണ്ടായിരുന്ന വീടുകള് വൈക്കോൽമേഞ്ഞതോ, ഓലപ്പുരയോ, ആയിരുന്നു. പട്ടികജാതി കുടുംബങ്ങളുടെ അവസ്ഥ അതിനും ശോചനീയമായിരുന്നു. ഭൂരിപക്ഷം വീടുകളിലും ശുചിത്വമുള്ള കക്കൂസ് വരെ ഇല്ലായിരുന്നു.<br>3848 വീടുകള് അന്നുണ്ടായിരുന്നു. അതിൽ 300 കുടുംബങ്ങൾ പുറമ്പോക്കില് താമസിക്കുന്നു..<br>കോൺക്രീറ്റ് വീടുകൾ-664<br>ഓട് മേഞ്ഞത്-2647<br>ഓല മേഞ്ഞത്-537<br>ആകെ3848 | ഭക്ഷണവും വസ്ത്രവും കഴിഞ്ഞാല് മനുഷ്യന് ഒഴിച്ച് കൂടാനാവാത്ത ഒരാവശ്യമാണ് പാർപ്പിടം. 1996 ല് ഉണ്ടായിരുന്ന വീടുകളിൽ രണ്ടായിരത്തില് കൂടുതല് വീടുകൾ ഓല മേഞ്ഞതോ വൈക്കോല് മേഞ്ഞതോ ആയിരുന്നു. എന്നാൽഇന്ന് പഞ്ചായത്തില് അത്തരം വീടുകൾ ഇല്ല എന്നാണ് മനസ്സിലാക്കുന്നത്.<br>പഞ്ചായത്തിലാകെ 8016 കുടുംബങ്ങള് ആണ് നിലവിലുള്ളത്. 2346 പട്ടികജാതിക്കാരും പഞ്ചായത്തിൽ ഉണ്ട്. വാസയോഗ്യമായ വീടില്ലാത്തവരും സ്വന്തമായി തലചായ്ക്കാൻ ഇടമില്ലാത്തവരുടെതുമായി ഇന്നും പാർപ്പിടമേഖലയില് പ്രശ്നങ്ങള് ബാക്കി നിൽക്കുന്നു. .പഞ്ചായത്തിലെ കനാൽ പരിസരങ്ങളിലുള്ള പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നതിനായുള്ള ആദ്യപടിയായ അദാലത്ത് ഈ അടുത്തകാലത്ത് നടത്തുകയുണ്ടായി.<br>കഴിഞ്ഞ 25 വർഷക്കാലം പാർപ്പിട രംഗത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികൾ വഴി പഞ്ചായത്തിലെ നിരവധി പേർക്ക് ഭവനനിർമ്മാണം സാധ്യമായിട്ടുണ്ട്. അതിൽപ്രധാനപദ്ധതികളാണ് ഇ.എം.എസ് ഭവനപദ്ധതി, ലൈഫ് ഭവനപദ്ധതി, പി.എം.എ.വൈ എന്നിവ<br>സംസ്ഥാനത്ത് ലൈഫ് ഭവനനിർമ്മാണം പദ്ധതി ആരംഭിച്ചത് മുതൽ കഴിഞ്ഞ 3 വർഷത്തിനുള്ളില് നമുടെ പഞ്ചായത്തിൽ 197 കുടുംബങ്ങൾക്ക് ലൈഫ്, പി.എം.എ.വൈ പദ്ധതി പ്രകാര വീട് നൽകാന് സാധിച്ചു. കൂടാതെ വീട് കക്കൂസ് മെയിൻറനൻസ് ധനസഹായവും നമ്മൾ നൽകി കഴിഞ്ഞു.<br>ലൈഫ് ഭവനപദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച 951 അപേക്ഷകരുടെ ആർഹത പരിശോധിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷണം പൂർത്തീകരിച്ചുവരുന്നു.2022 ജനുവരി 31നുള്ളിൽ അന്വേഷണ റിപ്പോർട്ട് പൂർത്തീകരിക്കും. സർക്കാര് ഉത്തരവ് ലഭിക്കുന്ന മുറക്ക് അർഹരാവർക്ക് ധനസഹായം നൽകുന്നതിനുള്ള ഫണ്ടും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>ഭൂരഹിതഭവനരഹിതരിൽ അർഹരായ ആളുകളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നതിന് പഞ്ചായത്ത് നെടുമ്പര-പള്ളിക്കൽ പി.എം.ജി.എസ്.വൈ റോഡിനു സൈഡിലായി നെടുമ്പര വില്ലേജിൽ സർവേ നം.954 ൽപെട്ട ഒരു ഏക്കർ 53.5സെൻറ് ഭൂമി വാങ്ങിയിട്ടുണ്ട്. ഫ്ളാറ്റ് നിർമ്മാണം ബേസ്മെൻറ് പണി ഇതിനോടൊകം പൂർത്തീയാക്കിയിട്ടുള്ളതാണ്. |

വരുന്ന 4 വർഷത്തിനകം പഞ്ചായത്തിലെ വാസയോഗ്യമായ വീടില്ലാത്ത മുഴുവൻ പേർക്കും വീട്

വെക്കുവാൻ ധനസഹായം നൽകണമെന്ന് ഉറച്ച തീരുമാനത്തിലാണ് ഭരണസമിതി പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.ലൈഫ് ഒന്നാം ഘട്ടത്തിൽ വീട്ടുപണി പൂർത്തിയാക്കാന് കഴിയാത്തവർക്ക് അത് പൂർത്തീകരിക്കുന്നതനുള്ള പദ്ധതിയായിരുന്നു. ഇത്തരത്തിലുള്ള 4 കുടുംബങ്ങൾക്ക് മുമ്പ് നൽകിയ ധനസഹായത്തിനു പുറമെ 4 ലക്ഷം രൂപ കൂടി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നൽകിയിട്ടുണ്ട്.

ഭവനനിർമ്മാണത്തിനുള്ളസഹായത്തിന് പുറമെ ഈ കാലയളവിൽ 313 പേർക്ക് കാളപഴക്ക് കൊണ്ട് വാസയോഗ്യമല്ലാതായ വീടുകള് റിപ്പയര് ചെയ്യുന്നതിനും പുതുക്കി പണിയുന്നതിനും 10049840/- രൂപ ധനസഹായം നൽകിയിട്ടുണ്ട്. ഇതോടൊപ്പം പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫഠനസൗകര്യം മെച്ചപ്പെടുത്തുന്നതിനായി പനമുറി നിർമ്മിക്കുന്ന പദ്ധതിയിലുൾപ്പെടുത്തി 22 കുടുംബങ്ങൾക്ക് 22 ലക്ഷം രൂപയും നൽകിയിട്ടുണ്ട്

സംസ്ഥാനത്ത് ലൈഫ് ഭവനനിർമ്മാണം പദ്ധതി ആരംഭിച്ചത് മുതൽ കഴിഞ്ഞ നാലര വർഷത്തിനുള്ളില് നമുടെ പഞ്ചായത്തില് 197 കുടുംബങ്ങൾക്ക് ലൈഫ്, പി.എം.എ.വൈ പദ്ധതി പ്രകാരം വീട് നൽകാന് സാധിച്ചു. ജനറൽ വിഭാഗം ഉപഭോക്താക്കള്ക്ക് 18482000/- രൂപയും( ഒരുകോടി എൺപത്തിനാല് ലക്ഷത്തി എൺപത്തിരണ്ടായിരം രൂപ) , പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 16096000/- രൂപയും( ഒരു കോടി അറുപത്ത് ലക്ഷത്തി തൊണ്ണൂറ്റി ആറായിരം രൂപ) പി.എം.എ.വൈ പദ്ധതി പ്രകാരം 5060000/- രൂപയും( അഞ്ച് കോടി അറുപതിനായിരം രൂപ) പഞ്ചായത്ത് ചിലവഴിച്ചിട്ടുണ്ട്.

ഭൂരഹിതഭവനരഹിതരിൽ അർഹരായ ആളുകളെ പുനരധിവസിപ്പിക്കുന്നതിനായി ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നതിന് പഞ്ചായത്ത് നെടുമ്പുര-പള്ളിക്കൽ പി.എം.ജി.എസ്.വൈ റോഡിനു സൈഡിലായി നെടുമ്പുര വില്ലേജിൽ സർവേ നം.954 ൽപെട്ട ഒരു ഏക്കര് 53.5സെൻറ് ഭൂമി വാങ്ങിയിട്ടുണ്ട്. ഫ്ളാറ്റ് നിർമ്മാണം പണി പുരോഗമിച്ചുവരുന്നു.

| അങ്കണവാടികൾ, സാമൂഹ്യക്ഷേമം | |
|---|---|
| അന്ന് | ഇന്ന് |
| നമ്മുടെ പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പദ്ധതികളെ പറ്റി പ്രതിപാദിക്കുമ്പോള് സര്ക്കാരില് നിന്ന് ലഭിക്കുന്ന ഏതാനും സഹായങ്ങളിലും അംഗൻവാടികളിലും ഒതുങ്ങിനില്ക്കുന്നു.പുതുതായി ആർക്കും ആനുകൂല്യങ്ങളോ പെന്ഷനോ ലഭിക്കുന്നില്ല. ആനുകൂല്യങ്ങള് ലഭിക്കുന്നവരില് അനര്ഹരുണ്ട് എന്ന പരാതി നിലനില്ക്കുന്നു. ഈ പഞ്ചായത്തില് ആകെ 23 അംഗന് വാടികളും 20 മഹിളാസമാജങ്ങളുമുണ്ട്. 3അംഗന്വാടികള് അടുത്ത കാലത്ത് ആരംഭിച്ചതാണ്. വാര്ദ്ധക്യ കാലപെന്ഷന്, വികലാംഗപെന്ഷന്, വിധവാ് പെന്ഷന്, കര്ഷകതൊഴിലാളി പെന്ഷന് എന്നീ ആനുകൂല്യങ്ങള് പലര്ക്കും ലഭിക്കുന്നുണ്ട്. ആരോഗ്യമുള്ള ശിശുക്കളെ വളര്ത്തി എടുക്കാന് കഴിഞ്ഞാലെ നമ്മുടെ അടുത്ത തലമുറ നന്നാവൂ. കെട്ടുറപ്പും,സ്വഭാവ മഹിമയും, സേവന സന്നദ്ധതയും പരസ്പര ആദരവുമുള്ള കുടുംബങ്ങള് നാടിന്റെ സമ്പത്താണത്. പ്രാഥമിക സൊകര്യങ്ങൾ കുറഞ്ഞ അംഗന്വാടികളില് മതിയായ സൌകര്യമൊരുക്കണം. അംഗന് വാടികള് വഴിയുള്ള പോഷകാഹാര പരിപാടി, പ്രതിരോധകുത്തിവയ്പ് എന്നിവകാര്യക്ഷമമാക്കണം. ആരോഗ്യപരിപാലനം ശുചീകരണം എന്നിവയെകുറിച്ച് ബോധവല്ക്കരണം നടത്തണം. സാമൂഹ്യക്ഷേമ പെന്ഷന് യഥാസമയം ലഭിക്കുന്നതിന് സംവിധാനം ഉണ്ടാക്കണം. അംഗന്വാടികളില് കളിപ്പാട്ടങ്ങളുടെ കുറവുണ്ട് അത് പരിഹരിക്കണം.അനാഥര്, യാചകര്, വൃദ്ധര്, അലഞ്ഞു തിരിഞ്ഞ് നടക്കുന്നവര് അഗതികള് എന്നിവര്ക്ക് മതിയായ സംരക്ഷണം ഒരുക്കണം. അവശത അനുഭവിക്കുന്നവരെ സഹായിക്കാൻപരിപാടികള് ആസൂത്രണം ചെയ്യണം. | ഇന്ന് നമ്മുടെ പഞ്ചായത്ത് സാമൂഹ്യക്ഷേമരംഗത്ത് വളരെയേറെ മുന്നേറിയിട്ടുണ്ട്. ദുര്ബല വിഭാഗങ്ങളായ സ്ത്രീകള്, കുട്ടികള്, വൃദ്ധര്, വികലാംഗര്, അഗതികള്, കിടപ്പുരോഗികള്, തുടങ്ങിയവര്ക്ക് ആശ്വാസം നല്കുന്നതിനും, സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും നടത്തിയ പ്രവര്ത്തനങ്ങള് പഞ്ചായത്ത് അഭിമാനത്തോടെയാണ് നോക്കികാണുന്നത്. വൃദ്ധര്, വികലാംഗര്, കര്ഷകതൊതൊഴിലാളികള്, വിധവകള്, 50വയസ്സ് കഴിഞ്ഞ അവിവാഹിതയായ സഹോദരിമാര്എന്നിവര്ക്കുള്ള പെന്ഷന് പഞ്ചായത്തില് എല്ലാവര്ക്കും ലഭിക്കുന്നുണ്ട്.ഇന്ന് പെന്ഷന്1600രൂപവീതം ലഭിക്കുന്നു. അത് സാമൂഹ്യസുരക്ഷാ രംഗത്ത് വലിയൊരു മുന്നേറ്റമാണ്. സംസ്ഥാനത്ത് ഏറ്റവും മാതൃകാപരമായി പ്രവര്ത്തിക്കുന്ന പാലിയേറ്റീവ് സംവിധാനമാണ്നമ്മുടെ പഞ്ചായത്തിന് ഉള്ളത്.290 കിടപ്പുരോഗികള്ക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. ഇതിനു പുറമെ വീല്ചെയര്, വാട്ടര്ബെഡ്, എയര്ബെഡ് വാക്കര്, എല്ബോക്രച്ചസ് തുടങ്ങിയ ഉപകരണങ്ങളും പാലിയേറ്റീവ് വഴി നല്കുന്നുണ്ട്. വൃദ്ധര്ക്ക് പ്രത്യേക പദ്ധതികള് നടപ്പാക്കിവരുന്നു. വൃദ്ധര്ക്ക്കട്ടില് നല്കുന്നത് അതിലൊന്നാണ്.പഞ്ചായത്ത് അഗതിരഹിത പദ്ധതി നടപ്പിലാക്കുന്നു.270 കുടുംബങ്ങല് ഈ പദ്ധതിയിലുള്പ്പെടുന്നു. ഇവര്ക്ക്ഭക്ഷണം, മരുന്ന്,വീട്, കക്കൂസ്, വിദ്യഭ്യാസം എന്നിവ നല്കുന്നതിനുള്ള പ്രവര്ത്തനങ്ങളാണ് നടത്തികൊണ്ടിരിക്കുന്നത്. നമ്മുടെ പഞ്ചായത്തില് മാനസിക വൈകല്യമുള്ള അംഗങ്ങളെ പകല് സമയത്ത് പരിചരിക്കുന്ന ബഡ്സ് റീഹാബിലിറ്റേഷന് സെന്റര് പ്രവര്ത്തിക്കുന്നുണ്ട്. ഇവരെ പരിചരിക്കുന്നതോടൊപ്പം ഇവരുടെ കാര്യശേഷി വര്ദ്ധിപ്പിക്കാനുതകുന്ന പേപ്പര് പേന, പേപ്പര് ബാഗ്, കവര്, കരകൌശലവസ്തുക്കള് എന്നിവയുടെനിര്മ്മാണവും നടക്കുന്നു. സമൂഹത്തിന്റെ പ്രത്യേക പരിഗണ അര്ഹിക്കുന്നവരാണ് ഭിന്നശേഷിയുള്ളവര്.പഞ്ചായത്തിലെ എല്ലാ ഭിന്നശേഷിക്കാര്ക്കും പെന്ഷന് നല്കാന് കഴിയുന്നുണ്ട്.<br>അവര്ക്കായി പ്രത്യേക ഗ്രാമസഭകള് കൂടുന്നു.പ്രത്യേകമെഡിക്കല് ക്യാമ്പ് നടത്തുന്നു. ഉപജീവനത്തിന് വേണ്ടിയുള്ള തൊഴിലിന് |

| | |
|---|---|
| | സഹായം നല്കുന്നതിനും കഴിയുന്നുണ്ട്. 31പേര്ക്ക് സൈഡ് വീലോട്കൂടിയ സ്കൂട്ടര് നല്കിയിട്ടുണ്ട്.ഇത്തരത്തില് ഭിന്നശേഷിക്കാര്ക്ക് ആശ്വാസമേകുന്ന നിരവധി പ്രവര്ത്തന ങ്ങളാണ് പഞ്ചായത്ത് നടത്തിയിട്ടുള്ളത്. അംഗനവാടി കളെശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമുള്ള ബൃഹത്തായ പ്രവര്ത്തനമാണ് വള്ളത്തോള്നഗര് പഞ്ചായത്ത് നടത്തിയിട്ടുള്ളത്. പഞ്ചായത്തില് ആകെ 24 അംഗനവാടികളുണ്ട്. ഗ്യാസ് കണക്ഷന്, ടെലിവിഷന്,ഫര്ണീച്ചറുകള് എന്നിങ്ങനെ എല്ലാ സൌകര്യങ്ങളും അംഗന് വാടികള്ക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കുട്ടികള്ക്കുള്ള പോഷകാഹാരത്തിന് പുറമെകൌമാരക്കാരായ പെണ്കുട്ടികള്ക്കും, ഗര്ഭിണികള്ക്കും പോഷകാഹാരം നല്കുന്ന പ്രവര്ത്തനവും മുടങ്ങാതെ നടക്കുന്നുണ്ട്. പട്ടികജാതി ക്ഷേമത്തിന് വിവിധ പദ്ധതികള് നടപ്പിലാക്കുന്നു. സൈക്കിള് വിതരണം, സ്കോളര്ഷിപ്പ്,പഠനമുറി, മേശയും കസേരയും, ലാപ്ടോപ്പ്, വാട്ടര് ടാങ്ക്,സ്കൂട്ടര് വാങ്ങുന്നതിന് സബ്സിഡി,വാദ്യോപകരണ വിതരണം എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിന് കുടുംബശ്രീ വഴി നിരവധി പ്രവര്ത്തനങ്ങള് നടത്തിയിട്ടുണ്ട്. 20രൂപക്ക് ഉച്ചഭക്ഷണം അതിന് കഴിവില്ലാത്തവര്ക്ക് സൌജന്യമായും നല്കുന്ന ജനകീയഹോട്ടല് നമ്മുടെ പഞ്ചായത്തില് പ്രവര്ത്തിക്കുന്നു.സ്ത്രീ സുരക്ഷക്ക് ജാഗ്രതാ സമിതി, ക്യാമറ, കൌണ്സിലിംങ് സെന്റര് എന്നിവയും പഞ്ചായത്തിലുണ്ട്. ഇത്തരത്തില് സാമൂഹ്യക്ഷേമരംഗത്ത് വലിയ പുരോഗതിയുണ്ട്ക്കാന് നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. |

| സംസ്കാരം | |
|---|---|
| അന്ന് | ഇന്ന് |
| സുകുമാര കലകളും പ്രകൃതിയുമായുള്ള അഭേദ്യബന്ധം കണ്ടറിഞ്ഞിരുന്ന വള്ളത്തോളിലെ കവി ഹൃദയം, പുതിയ സ്ഥലത്തിനു വേണ്ടിയുള്ള അന്വേഷണം അവസാനിപ്പിച്ചത് നിളാ നദിയുടെ തീരത്തുള്ള പ്രകൃതി രമണീയമായ ചെറുതുരുത്തിയിലാണ് 1936 ൽ കേരള കലാമണ്ഡലം അമ്പലപുരത്തു നിന്നും ചെറുതുരുത്തിയിലെ വള്ളക്കുറ്റുള്ള മണ്ണിലേക്ക് പറിച്ചു നടപ്പെട്ടു. നിളയുടെ കളകളാരവത്തിൻറെ പഞ്ചാത്തലത്തിൽ കേളികൊട്ടിൻറെയും ചിലങ്കകളുടെയും മിഴാവിൻറെയും ഇലത്താളത്തിൻറെയും മന്ത്രധ്വനികളുയർന്നു. ആ കളി വിളക്കിൽ പിന്നീടൊരിക്കലും കരിന്തിരി കത്തിയില്ല.<br>കേരളത്തിലെ പാരമ്പര്യ കലകളായ കഥകളി, ചാക്യാർക്കൂത്ത്, തുള്ളൽ, മോഹിനിയാട്ടം മുതലായവയുടെ പുനരുദ്ധാരണത്തിനും പ്രോത്സാഹനത്തിനുമായി വള്ളത്തോളും മുകുന്ദരാജയും മറ്റു സുഹൃത്തുക്കളും ചേർന്ന് 1927 ഡിസംബർ 20 ന് കേരളകലാമണ്ഡലം എന്ന പേരിൽ ഒരു സംഘം കോഴിക്കോട് രജിസ്റ്റർ ചെയ്തു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ മൂലം ഒരു വിദ്യാലയം പിന്നെയും 3 വർഷങ്ങൾ കൂടി കാത്തിരിക്കേണ്ടി വന്നു.<br>ഒരു പക്ഷേ മറ്റേതൊരു ഭാരതീയ കലയെക്കാളും വിദേശീയരെ ആകർഷിക്കുന്നത് കഥകളിയാണ്. 1965 ൽ കഥകളിയിൽ ഹ്രസ്വകാല പരിശീലനത്തിനു വന്ന ഫ്രഞ്ചുകാരിയായ മിലേനാ സാൽവിയയാണ് യൂറോപ്പുകാർക്ക് ആദ്യമായി കഥകളി പരിചയപ്പെടുത്തിയത്. ദേവന്മാരും അർദ്ധദേവന്മാരുമായ കഥാപാത്രങ്ങൾ, മനോജ്ഞമായ മുഖാലങ്കാരം, തിളങ്ങുന്ന കിരീടവും ആടയാഭരണങ്ങളും, സൌഷ്ടവമേറിയ നൃത്ത വിശേഷങ്ങൾ, അസാധാരണവും സമ്പൂർണ്ണവുമായ കൈമുദ്രകൾ, മധുര മനോഹരമായ സംഗീതം, ഉച്ചത്തിൽ മുഴങ്ങുന്ന വാദ്യഘോഷങ്ങൾ, | സംസ്കാരത്തിൻറെ ഉറവിടങ്ങൾ എന്നും നദീതടങ്ങളായിരുന്നു. വള്ളത്തോൾ നഗർ പഞ്ചായത്തിൻറെ സാംസ്കാരിക പശ്ചാത്തലവും നിളാനദിയുമായി ബന്ധപ്പെട്ടു കിടക്കുന്നു. ലോക സാംസ്കാരിക ഭൂപടത്തിൽ, കേരളത്തിലെ മാത്രമല്ല ഭാരതത്തിലെ തന്നെ മറ്റേതൊരു പഞ്ചായത്തിനേക്കാളും സമുന്നതമായൊരു സ്ഥാനം വള്ളത്തോൾ നഗർ പഞ്ചായത്തിനുണ്ട്.<br>സാക്ഷര കേരളത്തിൻറെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂർ ജില്ലയുടെ വടക്കേ അതിർത്തി പങ്കിടുന്ന പഞ്ചായത്താണ് നമ്മുടേത്. മഹാകവി വള്ളത്തോളിൻറെ നാമധേയത്തിലുള്ള പ്രദേശത്തിൻറെ പ്രൌഢിക്കനുസരിച്ചാണ് ജില്ലാ അതിർത്തിയായ കൊച്ചിൻ പാലത്തിനടുത്ത് അതിമനോഹരമായ സാംസ്കാരിക കവാടത്തിൻറെ നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. 21 ലക്ഷം രൂപ ചെലവ് വരുന്ന കവാടത്തിന് 10 ലക്ഷം നൽകുന്നത് ജില്ലാ പഞ്ചായത്താണ്.<br>സാമൂഹ്യ സാംസ്കാരിക കലാ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പൊതു സ്ഥലങ്ങളും സ്ഥാപനങ്ങളും ഒരു സമൂഹത്തിൻറെ സാംസ്കാരിക വളർച്ചയ്ക്ക് അനിവാര്യമാണ്. പഞ്ചായത്തിൻറെ ഉടമസ്ഥതയിൽ ചെറുതുരുത്തിയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്തിരുന്ന ഓപ്പൺ എയർ ഓഡിറ്റോറിയം പുതിയ കാലത്തിനനുസരിച്ച് നവീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. നിലവിലുണ്ടായിരുന്ന സ്റ്റേജ് പൊളിച്ചു നീക്കി കൂടുതൽ സൌകര്യപ്രദമായ സ്റ്റേജും, മഴയും വെയിലും കൊള്ളാതെ പരിപാടികൾ ആസ്വദിക്കാനിരിക്കുന്നതിനുള്ള ഓപ്പൺ ഹാളുമാണ് നിർമിച്ചിട്ടുള്ളത്. ഇതോടൊപ്പം സ്റ്റേജിന് മുകളിലായി സാഹിത്യ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്ന വിശാലമായ കെട്ടിടവും പൂർത്തിയാക്കിയിട്ടുണ്ട്. |

| | |
|---|---|
| എല്ലാറ്റിനുമുപരി നടൻറെ മുഖത്തുയരുന്ന ശൃംഗാര വീര കരുണാദി രസങ്ങൾ – യൂറോപ്പകാർ അത്ഭുതാദരങ്ങളോടെ ഇതെല്ലാം നോക്കിയിരുന്നു പോയി | ഇതിനാവശ്യമായ 30 ലക്ഷം രൂപ നൽകിയിട്ടുള്ളത് ജില്ലാ പഞ്ചായത്താണ്.<br><br>ഉത്സവങ്ങൾ, ആഘോഷങ്ങൾ, പെരുന്നാളുകൾ<br><br>കുംഭ മാസത്തിലെ ചിത്ര നാളിൽ നടത്തപ്പെടുന്ന കോഴിമാംപറമ്പ് പൂരമാണ് ഉത്സവങ്ങളിൽ ഏറ്റവും പ്രധാനം. കുംഭ മാസത്തിലെ അശ്വതി നാൾ മുതൽ ക്ഷേത്രത്തിൽ തോൽപാവക്കൂത്ത് ആരംഭിക്കുന്നു. കമ്പരാമായണത്തെ അടിസ്ഥാനപ്പെടുത്തിയാണ് കൂത്ത്. കഥാപാത്രങ്ങളുടെ രൂപങ്ങൾ തോൽ പാവയിൽ നിർമ്മിച്ച് അവയുടെ നിഴലുകൾ വെള്ളത്തുണിയിൽ പതിച്ചാണ് പാവക്കൂത്ത് നടത്തുന്നത്. നിർഭാഗ്യമെന്നു പറയട്ടെ, ഒരാചാരമെന്ന നിലയിൽ കൂത്ത് നടത്തുന്നുണ്ട് എങ്കിലും അത് ആസ്വദിക്കുന്നതിന് ആളുകൾ കുറവാണ്. പത്താംകൂത്ത് ദിവസം നടത്തുന്ന അഞ്ചാംവേലയിലെ ഭാഗഭാക്കുകൾ പരമ്പരാഗതമായി സമൂഹത്തിലെ അധഃസ്ഥിതരാണ. കാളവേല, കുരുത്തോലക്കുടകൾ എന്നിവയോടെ ആഘോഷമായി അവർ ക്ഷേത്രത്തിൽ എത്തിച്ചേരുന്നു.<br>അഷ്ടമിരോഹിണി, മിലാദി ഷെരിഫ് തുടങ്ങിയവ ഘോഷയാത്രകളോടെ ആഘോഷിക്കാറുണ്ട്.<br>കലാമണ്ഡലത്തിനടുത്ത് ആർ.സി. ക്രിസ്ത്യൻ പള്ളിയിൽ പെരുന്നാൾ ഗംഭീരമായി ആഘോഷിക്കുന്നു. പെസഹ, ദുഃഖ വെള്ളി, ഈസ്റ്റർ, ക്രിസ്തുമസ്, എന്നിവയും ആചരിക്കുന്നു.<br>പള്ളത്ത് പൈതങ്ങളുടെ ജാറത്തിലെ നേർച്ചയാണ് മറ്റൊരാഘോഷം. അന്നദാനമാണ് അതിലെ പ്രധാന ആചാരം. ഈദുൽ ഫിത്ർ, ബക്രീദ്, മുഹർറം തുടങ്ങിയവയും ആഘോഷിക്കുന്നു.<br>കേരളീയ അഘോഷങ്ങളായ ഓണം, തിരുവാതിര, വിഷു എന്നിവയും ആഘോഷിക്കുന്നു.<br>കലാസാംസ്കാരിക സ്ഥാപനങ്ങൾ<br>പഞ്ചായത്തിലെ കലാ സാംസ്കാരിക സ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനം കേരള കലാമണ്ഡലം തന്നെ. കേരളീയ കലകളുടെ പുനരുദ്ധാരണത്തിനും പരിശീലനത്തിനുമായി സ്ഥാപിതമായിട്ടുള്ളതാണ്<br>വിശ്വപ്രശസ്തിയാർജിച്ച കേരള കലാമണ്ഡലം. ഇതുകൂടാതെ ശാസ്ത്രീയ കലകൾ ആഭ്യസിക്കുന്നതിന് ചൈതന്യ, കലാതരംഗിണി, സപ്തസ്വര നടന കലോദയം തുടങ്ങിയ ചെറിയ സ്ഥാപനങ്ങളും നിലവിലുണ്ട്. പഞ്ചായത്തിൻറെ ഉടമസ്ഥതയിലുള്ള മൊയ്തു സാഹിബ് മെമ്മോറിയൽ സാംസ്കാരിക നിലയവും |

| | |
|---|---|
| | ഭാരതപ്പുഴയുടെ തീരത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. |

| വനിതക്ഷേമം,കുടുംബശ്രീ സംവിധാനം | |
|---|---|
| അന്ന് | ഇന്ന് |
| പഞ്ചായത്തിൽ എണ്ണത്തില് പുരഷന്മാരേക്കാൾകൂടുതല് സ്ത്രീകള് ആണ് എങ്കിലും വിദ്യാഭ്യാസപരമായി സ്ത്രീകൾ പിന്നിലാണ് . സ്ത്രീകൾ ഭൂരിഭാഗവും വീട്ടുജോലികളുമായി ബന്ധപ്പെട്ടു കഴിയുന്നവരാണ്. ജോലി എടുക്കുന്നവരിൽ ഭൂരിപക്ഷം സ്ത്രീകളും കാർഷികമേഖലയിലാണ് ആശ്രയം കണ്ടെത്തുന്നത്. കെട്ടിട നിർമ്മാണം, റോഡുപണി തുടങ്ങിയ മേഖലകളിൽ ചെറിയൊരു ശതമാനം സ്ത്രീകൾ തൊഴിലെടുക്കുന്നു. സ്ത്രീകളുടേതായ തൊഴിൽ സംരംഭങ്ങളും വ്യവസായിക യൂണിറ്റുകളും വളരെ കുറവായിരുന്നു. ടിവി സിനിമ തുടങ്ങിയ ദൃശ്യമാധ്യമങ്ങളും ചില ആനുകാലിക പ്രസിദ്ധീകരണങ്ങളും കാരണം സ്ത്രീകളിൽ ചെറിയൊരു ശതമാനം ആഡംബര സംസ്ക്കാരത്തിന് അടിമകളായി അന്ന് കണ്ടിരുന്നു. ഇത് സമൂഹത്തിൻറെ സാംസ്കാരിക അധപതനത്തിനും കുടുംബ ഭദ്രത നഷ്ടപ്പെടുന്നതിനും കാരണമായിരുന്നു. | കഴിഞ്ഞ 25 വർഷത്തെ വിവിധതരം പ്രവർത്തനങ്ങള് വഴി വനിതകൾക്ക് സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ പുരോഗതി നേടുന്നതിന് ഒരു പരിധിവരെ ഇതിനകം കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിൽ പുരുഷന്മാരേക്കാൾ സ്ത്രീകളാണ് വരുന്നത്. മുൻകാലങ്ങളില് അപൂർവ്വം ചില സ്ത്രീകള് മാത്രമാണ് ഉന്നതവിദ്യാഭ്യാസം നേടി ജോലിക്കുപോയിരുന്നത്. എന്നാൽ ഇപ്പോള് ആൺകുട്ടികളെപോലെതന്നെയോ അതില് കൂടുതലോ പെൺകുട്ടികള് വിദ്യാഭ്യാസം നേടുകയും ജോലി കരസ്ഥമാക്കുകയും ചെയ്തു വരുന്നുണ്ട്. ഒരു കാലത്ത് വീടുകളിൽ മാത്രം ഒതുങ്ങി കഴിഞ്ഞിരുന്ന വനിതകൾ ഇന്ന് പുറത്തിറങ്ങി അവരവരുടെ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് പ്രാപ്തരായിട്ടുണ്ട്<br>ഇതിനുകാരണം 1998 പ്രവർത്തനം ആരംഭിച്ച സ്ത്രീശക്തിയൂണിറ്റുകളാണ്. സ്ത്രീകളുടെ ശാക്തീകരണവും സാംസ്കാരികവും സാമൂഹികവും ആയ പുരോഗതി ലക്ഷ്യമിട്ട് കൊണ്ടാണ് ഇത്തരമൊരു പ്രവർത്തനം ആരംഭിച്ചത്. ഈ സംഘടന സംവിധാനത്തിൻറെ വിജയം ബോധ്യപ്പെട്ട സംസ്ഥാന സർക്കാര് ദാരിദ്ര്യ നിർമ്മാർജ്ജനമിഷൻറെ കീഴില് കൊണ്ടുവരികയും സ്ത്രീശക്തി എന്നത്മാറ്റി കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ എന്ന പേര് നൽകുകയും ചെയ്തു. 2008 ല് ആരംഭിച്ച ഈ മാറ്റത്തിന് ശേഷം സംസ്ഥാന ദാരിദ്യ നിർമ്മാർജ്ജനമിഷന് വഴി |

| | |
|---|---|
| | കോടിക്കണക്കിന് രൂപയാണ് ഓരോ ജില്ല മിഷനും നൽകികൊണ്ടിരിക്കുന്നത്.ഇതിൽ ഓരോ ജില്ലാ മിഷനും ഓരോ സിഡിഎസ് വഴി വർഷംതോറും വിവിധ പദ്ധതികള് നടപ്പിലാക്കുന്നു. സംസ്ഥാത്തെ 45 ലക്ഷം കുടുംബങ്ങള് കുടുംബശ്രീ സ്വയം സഹായ സംഘങ്ങളിൽ അംഗങ്ങളാണ്. സാമ്പത്തിക ശാക്തീകരണം, സാമൂഹിക ശാക്തീകരണം, സ്ത്രീ ശാക്തീകരണം എന്ന അടിസ്ഥാന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ആവശ്യമായ വൈവിധ്യമാർന്ന് പ്രവർത്തനങ്ങളാണ് സംസ്ഥാനസർക്കാര് കുടുംബശ്രീ മിഷൻവഴി നടപ്പിലാക്കി വരുന്നത്. നിരവധി അംഗീകാരങ്ങൾ ഇതിനൊടകം കുടുംബശ്രീക്ക് ലഭിച്ചുകഴിഞ്ഞു.<br>കുടംബശ്രീ യൂണിറ്റുകളിൽ അംഗങ്ങള് അല്ലാത്ത 18 മുതൽ 40 വയസ്സുവരെയുള്ള വനിതകളെ ഉൾപ്പെടുത്തി 16 വാർഡുകളിലായി 16 ഓക്സിലറി ഗ്രൂപ്പുകൾ പ്രവർത്തിച്ചുവരുന്നു. കുടുംബശ്രീ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾക്ക് ബാങ്കുള് നൽകി വരുന്ന വായ്പകള് കൂടാതെ സി.ഡി.എസ് വഴി ലഭിക്കുന്ന പലിശരഹിത വായ്പകളും മുഖ്യമന്ത്രിയുടെ സഹായഹസ്തം വിഭാഗത്തിൽപെട്ട വായ്പകളും പിന്നോക്ക വിഭാഗകോർപ്പറേഷനില് നിന്നും ലഭിക്കുന്ന കുറ്ഞ പലിശ നിരക്കുള്ള വായ്പകളും നൽകി വരുന്നു. |

| പട്ടികജാതി | |
|---|---|
| **അന്ന്** | **ഇന്ന്** |
| തൃശ്ശൂർ ജില്ലയിലെ അനുഗ്രഹീതമായ ഭാരതപ്പുഴയോട് ചേർന്നു കിടക്കുന്ന വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിറെ മൊത്തം ജനസംഖ്യയുടെ 14.77%ആണ് പട്ടികജാതിക്കാരുടെ അനുപാതം.അതായത് പട്ടികജാതിക്കാരായിട്ടുളളവർ 3117 പേരാണ്. ഇതിൽ 28 പേർ മാത്രമാണ് സർക്കാർ ജോലിക്കാരായിട്ടുളളത്. 24 പേർ സ്വയംതൊഴിൽ കണ്ടെത്തിയവരായിട്ടുണ്ട്. ഐ.ആർ.ഡി.പി. ഗുണഭോക്താക്കളായി 99 പേർ ഉണ്ട്.<br>41 കോളനികളിലും മറ്റുമായി ഇവർ അധിവസിക്കുന്നു. 459 കുടുംബങ്ങളിലായി 1580 പുരുൽന്മാരും 1537 സ്ത്രീകളുമുണ്ട്. ഈ പഞ്ചായത്തിൽ ഇവരുടെ ആളോഹരി വരുമാനം തീരെ ശോച്യാവസ്ഥയിലാണ്. സാമ്പത്തികമായും ഉദ്യോഗപരമായും വളരെകുറഞ്ഞ അനുപാതം മാത്രമേ പട്ടികജാതിക്കാർക്ക് ഈ പഞ്ചായത്തിലുള്ളൂ. കോളനികൾ അടിസ്ഥാന സൌകര്യങ്ങൾ പോലുമില്ലാത്തവയായിരുന്നു. ആകെയുള്ള 41 കോളനികളിൽ 40 കോളനികൾക്ക് മാത്രമാണ് വൈദ്യുതി എത്തിയിട്ടുലളത്. ഇതുവഴി 80 കുടുംബങ്ങൾക്ക് മാത്രെ വൈദ്യുതി ലഭിച്ചു വരുന്നു. 379 കുടുംബങ്ങളും ഇരുട്ടിൽ തന്നെയാണ്. കോളനികൾ പൊതുവേ കുന്നിൻ പ്രദേശങ്ങളായിരിക്കുന്നതിനാൽ ശുദ്ധജലത്തിന് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. കോളനികളിൽ അടിസ്ഥാന സൌകര്യങ്ങൾ ഇനിയും ഉണ്ടാകേണ്ടതായിട്ടുണ്ട്. പൊതുവായ കിണറുകളും ടാപ്പുകളും ഇല്ലാത്തതുകൊണ്ട് പല പട്ടികജാതി കോളനികളിലും എല്ലായ്പ്പോഴും ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നു. പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് പറയുകയാണെങ്കിൽ പുരുഷൻമാരിൽ 65% വും സ്ത്രീകളിൽ 59.8 വും സാക്ഷരത ഉണ്ട്. വൃദ്ധജനങ്ങളിലെ ബഹുഭൂരിപക്ഷവും നിരക്ഷരരാണ്. ഈ പഴയ ആളുകൾ, പഴയ മാമൂലുകൾ ഇപ്പോഴും കൈവിടാൻ തയ്യാറായിട്ടില്ല. അക്കാരണം കൊണ്ട് സർക്കാരിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യം ഇടത്തട്ടുകാർ ചൂഷണം ചെയ്യുന്നു. പല കുട്ടികളും എസ്.എസ്.എൽ.സി പാസ്സായവരും അതിന് മുകളിലും വിദ്യാഭ്യാസം ലഭിച്ചവർ 77 പേർ മാത്രമാണ്. പലരും അവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളെ ശരിയായ വിധം ഉപയോഗപ്പെടുത്തുന്നില്ല. കലാലയ | 1വിശ്രമ കേന്ദ്രങ്ങളും, പൊതു ഇടങ്ങളും, വിദ്യാലയങ്ങളും, പൊതുകിണറുകളും എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയോഗിക്കാവുന്ന സ്ഥിതിയായി. പട്ടികജാതി വിഭാഗക്കാർക്കെതിരെയുള്ള വിവേചന പെരുമാറ്റം ശിക്ഷാർഹവുമായി. ഇതു പ്രകാരവും സംസ്ഥാനത്ത് മാറിമാറി വന്ന പുരോഗമന സർക്കാരുകളുടെ ഇടപെടലുകൾ മൂലവും ഈ വിഭാഗത്തെ ഒരു പരിധി വരെ സമൂഹത്തിൻറെ മുൻനിരയിലേക്ക് കൊണ്ടു വരുന്നതിന് കഴിഞ്ഞു.<br>ഒരുകാലത്ത് അമ്പലങ്ങളുടെ പരിസരം വഴിപോകാൻ അധികാരമില്ലാതിരുന്ന ഈ വിഭാഗത്തിൽപ്പെട്ടവരാണ് ഇന്ന് പല അമ്പലങ്ങളിലേയും പൂജാരിമാർ. ഈ ധീരമായ തീരുമാനം കൈക്കൊണ്ട സംസ്ഥാന സർക്കാരിൻറെ പ്രവർത്തനങ്ങൾ പ്രശംസനീയം തന്നെയാണ്.<br>ജനപ്രതിനിധികളിൽ സംവരണം നിർബന്ധമാക്കിയത് വഴി അവരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിന് അവസരങ്ങൾ വർദ്ധിച്ചു. വള്ളത്തോൾ നഗര്ർ ഗ്രാമപഞ്ചായത്തിൽ 16 മെമ്പർമാരിൽ 2 അംഗങ്ങൾ പട്ടികജാതി വിഭാഗത്തിൽപെട്ടവരാണ് .<br>വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തിൽ ... പട്ടികജാതി കോളനികൾ ഉണ്ട്. അതിൽ 000 കുടുംബങ്ങളിലായി 0000 ആളുകളും ഉണ്ട്. 0000 പുരുഷന്മാരും 000 സ്ത്രീകളും ഉണ്ട്. പട്ടികജാതി വിഭാഗത്തിൽ വളരെയധികം മാറ്റങ്ങളും പുരോഗതിയും കൈവരിച്ചിട്ടുണ്ട്. കോളനികളുടെ അടിസ്ഥാന വികസന സൌകര്യങ്ങൾ വളരെയധികം മെച്ചപ്പെടുത്തിയിട്ടുണ്ട്. റോഡുകൾ നിർമ്മിച്ചു, പഴയ റോഡുകൾ നവീകരിച്ചു, വഴിവിളക്കുകൾ സ്ഥാപിച്ചു, കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി. പൊതു പരിപാടികൾ സംഘടിപ്പിക്കുവാൻ കമ്മ്യൂണിറ്റി ഹാളുകൾ നിർമ്മിച്ചു. 50 ൽ അധികം കുടുംബങ്ങൾ ഉള്ള കോളനികൾ തിരഞ്ഞെടുത്ത് "സ്വാശ്രയഗ്രാമം" പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി.<br>കോളനികളിൽ കോൺക്രീറ്റ് വീടുകൾ നിർമ്മിച്ചു. ചി. കോളനികളിൽ ഒന്നിൽ കൂടുതൽ കുടിവെള്ള പദ്ധതികളും ഉണ്ട്. റോഡുകളും, കാനകളും നിർമ്മിച്ചു. ഗതാഗത സൌകര്യങ്ങൾ മെച്ചപ്പെട്ടു. ത്രിതല പഞ്ചായത്തുകൾ വഴി മേൽപറഞ്ഞ |

| | |
|---|---|
